# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)1568/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)1568/2021 തീയ്യതി: 18/05/2022

## തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 02-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2021 | 02-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി,ഓഡിറ്റ് ഓഫീസർ
ശ്രീ ശിവദാസൻ.എ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ്.എം.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സിജോ തോമസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശോഭ സുഭാഷ് | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീമതി സിന്ധു അശോക് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ മധുസൂദനൻ.ടി.ജി | സെക്രട്ടറി | 01-04-2020 | 10-11-2020 |
| ശ്രീമതി രശ്മി.പി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-11-2020 | 15-11-2020 |
| ശ്രീ മധുസൂദനൻ.ടി.ജി | സെക്രട്ടറി | 16-11-2020 | 04-03-2021 |
| ശ്രീമതി രശ്മി.പി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2021 | 31-03-2021 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി രശ്മി.പി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ നിഷാന്ത്.പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 28-06-2020 |
| ശ്രീമതി രോഹിണി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-06-2020 | 31-03-2021 |
| ശ്രീ.അജിത്ത്.സി.ബി | കൃഷി ഓഫീസർ | 01-04-2020 | 24-02-2021 |
| ലാൽസുന.പികെ | കൃഷി ഓഫീസർ | 25-02-2021 | 31-03-2021 |
| ശ്രീമതി .നിഷ.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ധ്യ.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 15-11-2020 |
| ശ്രീമതി.ശ്രുതി.ടി രാംമോഹൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-11-2020 | 31-03-2021 |
| ഡോ.ആഷ.പി.എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ജീനകുമാരി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സിനി.സി.ചന്ദ്രൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 10-02-2021 |
| ഡോ.സിൽവി.സി.ഐ. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 11-02-2021 | 31-03-2021 |
| ഡോ.ഷിബു.പി.വി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷിഫാന.പി.എസ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, മാള സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി ജയശ്രീ.എം.എസ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, അഷ്ടമിച്ചിറസർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി കോമളവല്ലി. എം.ആർ | പ്രധാനാധ്യാപിക (ഗവ.എൽ.പി.എസ്.മാള) | 01-04-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sijo Thomas (Auditor, On 02-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-9 |
| 10 | സഞ്ചയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-11 |
| 11 | വരവ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-12 |
| 12 | വാടക രജിസ്റ്ററിലെ വിവരങ്ങളും വാർഷിക കണക്കിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-13 |
| 13 | വാർഷിക കണക്ക പ്രകാരമുള്ള മുൻകൂറുകൾക്ക് തത്തുല്യമായ രജിസ്റ്റർ / രേഖകൾ ഇല്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 26-04-2022) | 1-14 |
| 14 | പ്രയർ പീരീഡ് ഐറ്റം സാധൂകരിക്കുന്നതിന് അടിസ്ഥാന രേഖകളില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-15 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-16 |
| 16 | ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-17 |
| 17 | ഇൻവെസ്റ്റ്മെന്റ് കണക്കിൽ വ്യത്യാസം<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-18 |
| 18 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-19 |
| 19 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-20 |
| 20 | ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-21 |

| | | |
|---|---|---|
| 21 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-22 |
| 22 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-23 |
| 23 | വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 29-10-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-24 |
| 24 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-25 |
| 25 | ആയുർവേദ മരുന്ന് നിർമ്മാണം-ഡ്രഗ് ലൈസൻസ് ഇല്ലാത്ത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-26 |
| 26 | മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിലും ലൈസൻസ് അനുവദിച്ചു<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-27 |
| 27 | ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് വാങ്ങുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-28 |
| 28 | പെട്രോൾ പമ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-29 |
| 29 | നിയമാനുസൃതമല്ലാതെ പെർമിറ്റ് നൽകി<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-30 |
| 30 | ഗുരുധർമ്മം ഹോസ്പിറ്റൽ -പെർമിറ്റ് ,നമ്പറിങ്ങ് (ഭാഗികം) എന്നിവ നിയമാനുസൃതമല്ലാതെ നൽകി<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-31 |
| 31 | നഞ്ച ഭൂമിയിലെ കെട്ടിട നിർമ്മാണം തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-32 |
| 32 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളിൽ നിന്നുള്ള വാടക ഡിമാന്റിൽ 2018-19,2019-20,2020-21വർഷങ്ങളിൽ വലിയ വ്യത്യാസം<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 09-05-2022) | 1-33 |
| 33 | ലേലം രജിസ്റ്റർ പരിപാലിയ്ക്കുന്നത് സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-34 |
| 34 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ 9407 രൂപയുടെ നഷ്ടം<br>Written By: Sijo Thomas (Auditor, On 02-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-35 |
| 35 | മാള സാമൂഹികാരോഗ്യ കേന്ദ്രം HMC 2015-16 സാമ്പത്തിക വർഷം മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 08-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-36 |
| 36 | വസ്തു നികുതി- റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Sijo Thomas (Auditor, On 02-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-37 |
| 37 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകിയതിലെ അപാകതകൾ<br>Written By: Sijo Thomas (Auditor, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-38 |
| 38 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Sijo Thomas (Auditor, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-39 |
| 39 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-40 |
| 40 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-41 |
| 41 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ,തെരുവ് വിളക്ക് പരിപാലനം കേടായ ബൾബുകൾ | 1-42 |

| | | |
|---|---|---|
| | മാറ്റിവാങ്ങുന്നത് സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | |
| 42 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ-ദിവസവേതനനിയമനം സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-43 |
| 43 | ദിവസനവേതനക്കാർക്ക് സർക്കാർ ഉത്തരവില്ലം അധികമായി വേതനം നൽകി<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-44 |
| 44 | മുഴവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-45 |
| 45 | കന്നുകുട്ടി പരിപാലനം-പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതി വഹിതം തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-46 |
| 46 | 2020-21 എസ് എസ് കെ വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-47 |
| 47 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ. ഒരെണ്ണം വിതരണം നടത്തിയിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-48 |
| 48 | B4 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകൾ ചെലവഴിക്കാത്തത് -തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-49 |
| 49 | ജലനിധി വെള്ളക്കരം ഇനത്തിലെ കുടിശ്ശിക- 1,60,86,530/- രൂപ<br>Written By: Sumitha T.S (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-50 |
| 50 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യങ്ങൾ നൽകി<br>Written By: Sumitha T.S (Asst. Audit Officer, On 08-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-51 |
| 51 | വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ പരിധി കഴിഞ്ഞിട്ടും ഫൈൻ ഈടാക്കാത്തത്<br>Written By: Sivadasan A K (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-52 |
| 52 | മരാമത്ത് അവലോകനം<br>Written By: Sivadasan A K (Asst. Audit Officer, On 02-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-53 |
| 53 | മാള കുളം മെയിന്റനൻസിനെത്തുടർന്ന് ബാക്കിയായ മണ്ണ് , മറ്റിനങ്ങൾ എന്നിവ ലേലം ചെയ്ത് മുതൽക്കൂട്ടാത്തത്.<br>Written By: Sivadasan A K (Asst. Audit Officer, On 02-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 1-54 |
| 54 | മാള സിഎച്ച്സി ഹോസ്പിറ്റൽ മാനേജിങ് കമ്മറ്റി കണക്കുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 30-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 1-55 |
| 55 | ഈടാക്കിയ ഫൈൻ തിരികെ നൽകിയതിന് നിയമപരമായി സാധുതയില്ല. ഗ്രാമ പഞ്ചായത്തിന് 242736 രൂപയുടെ നഷ്ടം<br>Written By: Sivadasan A K (Asst. Audit Officer, On 05-05-2022)<br>Last Updated By: Sheena K T (Audit Officer, On 09-05-2022) | 1-56 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ 9407 രൂപയുടെ നഷ്ടം<br>Written By: Sheena K T (Audit Officer, On 09-05-2022)<br>Last Updated By: Sheena K T (Audit Officer, On 09-05-2022) | 2-1 |
| | ഭാഗം **3** | |
| 1 | വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ഫൈൻ ഈടാക്കാത്തത്<br>Written By: Sivadasan A K (Asst. Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 09-05-2022) | 3-1 |
| 2 | ദിവസനവേതനക്കാർക്ക് സർക്കാർ ഉത്തരവില്ലം അധികമായി വേതനം നൽകി<br>Written By: Sheena K T (Audit Officer, On 25-04-2022)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 3-2 |
| 3 | ഈടാക്കിയ ഫൈൻ തിരികെ നൽകിയതിന് നിയമപരമായ സാധുതയില്ല. പഞ്ചായത്തിന് 242736 രൂപയുടെ നഷ്ടം<br>Written By: Sivadasan A K (Asst. Audit Officer, On 05-05-2022)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 3-3 |

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്കുള്ള ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 25-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 26-04-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 26-04-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sheena K T (Audit Officer, On 04-11-2021)<br>Last Updated By: Sheena K T (Audit Officer, On 26-04-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 26-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 09-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saleesh M.G (Asst. Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 18-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 27-3-2020 | 1(1) | 223332000 | 223313134 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 15-2-2021 | 1(1) | 243391000 | 237171000 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 17-5-2021 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 45492663.97 |
| വരവ് | 101041101 |
| ആകെ | 146533764.97 |
| ചെലവ് | 105653290 |
| നീക്കിയിരിപ്പ് | 40880474.97 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 19258235 | 17895265 | 1362970 |
| വികസനഫണ്ട്-എസ് സി പി | 12734451 | 10732233 | 2002218 |
| വികസനഫണ്ട്-ടി എസ് പി | 62700 | - | 62700 |
| മെയിന്റനൻസ്-റോഡ് | 12422000 | 8281236 | 4140764 |
| മെയിന്റനൻസ്-റോഡിതരം | 4846480 | 3936167 | 910313 |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 13934182 | 7411381 | 6522801 |
| ടൈഡ് | 6620000 | 3430566 | 3189434 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 215 | 121408614 | 147 | 72699148 | - | 68 | 80 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1511695 | 1511695 | 1511695 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27813094 | 27813094 | 27813094 | 0 |

വാർഷിക കണക്കുമായുള്ള വ്യത്യാസം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-19ൽ പ്രത്യേകം ചേർത്തിരിക്കുന്നു.

### 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 6480 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 9529200 | 3771 |
| വിധവാ പെൻഷൻ | 22035300 | 8591 |
| വാർദ്ധക്യകാല പെൻഷൻ | 40138500 | 16127 |
| വികലാംഗ പെൻഷൻ | 5992400 | 2355 |
| 50 വയസിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1249300 | 470 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,662/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല.

## 1-11 സഞ്ചയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ സാംഖ്യ, സഞ്ചയ എന്നിവ രണ്ടിലും പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ "സഞ്ചയ" സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത ഈ സർട്ടിഫിക്കേഷനിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-12 വരവ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

2. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-13 വാടക രജിസ്റ്ററിലെ വിവരങ്ങളും വാർഷിക കണക്കിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷ, കുടിശ്ശികയിനങ്ങളിലുള്ള ആകെ ബാലൻസ് 16,23,105 രൂപയാണ്. എന്നാൽ വാർഷികകണക്കിൽ ബി 15 ഷെഡ്യൂൾ പ്രകാരം കറന്റ്, അരിയർ ബാലൻസായി യഥാക്രമം 16,23,250, 1,36,986 എന്നിങ്ങനെ മൊത്തം 17,60,236 രൂപയാണ്. വാടക ഡിമാന്റ് ആയി തൻവർഷം വാർഷികകണക്കിൽ 32,00,000 രൂപയും ഡിമാന്റ് രജിസ്റ്റർ പ്രകാരം 30,62,904 രൂപയുമാണ്.

## 1-14 വാർഷിക കണക്ക് പ്രകാരമുള്ള മുൻകൂറുകൾക്ക് തത്തുല്യമായ രജിസ്റ്റർ / രേഖകൾ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax //Traders | 960 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 357500 |

## 1-15 പ്രയർ പീരീഡ് ഐറ്റം സാധൂകരിക്കുന്നതിന് അടിസ്ഥാന രേഖകളില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200101-Prior Period Income-Rent From Building | 78000 |
| 280200401-Prior Period Income-Other Income | 18000 |
| 280800701-Prior Period-misc Expenses | -839337 |
| 280800501-Prior Period- Programme Expenses | -48649 |

## 1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-17 ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 78,24,446 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-18 ഇൻവെസ്റ്റ്മെന്റ് കണക്കിൽ വ്യത്യാസം

ബാലൻസ്ഷീറ്റ് പ്രകാരമുള്ള ഫിക്സഡ് ഡെപ്പോസിറ്റുകളുടെ ഇൻവെസ്റ്റ്മെന്റ് ബാലൻസ് 2,24,44,215 രൂപയാണ്. എന്നാൽ പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരവും, ഹാജരാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും 2,21,75,936 രൂപയാണ് വർഷാന്ത്യ ഇൻവെസ്റ്റ്മെന്റ് ബാലൻസ്. 2,68,279 രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-19 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 2,78,88,012 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം 2,93,00,392 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്.

## 1-20 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് പൂജ്യം എന്ന് കാണിച്ചിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതേണ്ടതുണ്ട്. എന്നാൽ സ്റ്റോക്കിലെടുക്കേണ്ടതായ സാമഗ്രികൾ പഞ്ചായത്തിൽ ഉണ്ടായിരുന്നിട്ടും സ്റ്റോക്ക് രജിസ്റ്റർ വർഷാന്ത്യമൂല്യം കണക്കാക്കി ഹാജരാക്കിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))

## 1-21 ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബി 7 ഷെഡ്യൂൾ പ്രകാരമുള്ള 36,19,910 രൂപയുടേയും ഷെഡ്യൂൾ ബി18 ൽ ചേർത്ത 10,35,657 (അഡ്വാൻസ് ടു സി.ഡി.എസ്, ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ്, അതേഴ്സ്) എന്നീ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-22 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയിൽ പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320100115 | ടോട്ടൽ സാനിറ്റേഷൻ | 3661558 |
| 2 | 320100121 | ഐ.സി.ഡി.എസ് | 1652011 |
| 3 | 320100126 | പൈക്ക | 45295 |
| 4 | 320200307 | സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | 52341 |
| 5 | 320200322 | ശുചിത്വമിഷൻ | 425000 |
| 6 | 320200399 | സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | 30305 |
| 7 | 320300102 | ജലനിധി | 969722 |
| 8 | 320300103 | ടോട്ടൽ സാനിറ്റേഷൻ | 1270000 |
| 9 | 320400199 | സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | 9943 |
| 10 | 320700105 | ജോയിന്റ് വെൻച്വർ -ജില്ലാ പഞ്ചായത്ത് | 25376 |
| 11 | 320700204 | ജോയിന്റ് വെൻച്വർ -ബ്ലോക്ക് | 1374762 |
| 12 | 320700205 | ജോയിന്റ് വെൻച്വർ -ജില്ലാ പഞ്ചായത്ത് | 422380 |
| 13 | 320800101 | ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ | 1224450 |
| 14 | 350200301 | റിക്കവറീസ് കോവിഡ് | 751438 |

തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ ബി 4 സ്റ്റേറ്റ്മെന്റ് പ്രകാരം ബാക്കി നിൽക്കുന്ന 3,469 രൂപ തൊഴിലുറപ്പ് പദ്ധതി ബാങ്ക് അക്കൗണ്ടിൽ ക്ലോസിംഗ് ബാലൻസ് ആയി ഉൾപ്പെട്ടിട്ടില്ല.

## 1-23 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 46,12,189 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 44,72,524 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-24 വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ വായ്പാ ബാക്കിയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. വായ്പാ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-25 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

2020-21 ൽ 865 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കുവാൻ ബാദ്ധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-26 ആയുർവേദ മരുന്ന് നിർമ്മാണം-ഡ്രഗ് ലൈസൻസ് ഇല്ലാത്ത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചു.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 12(5) എ, ബി പട്ടിക 5 പ്രകാരം ആവശ്യമായ ക്ലിയറൻസ് കൂടാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുവാൻ പാടില്ല. ഇ.കെ. ബെന്നി, എടാട്ടുകാരൻ എന്ന വ്യക്തിക്ക് ആയുർവേദ മരുന്ന് നിർമ്മാണത്തിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. (രസീത് നമ്പർ-118030107489/21.2.2019) അപേക്ഷ പരിശോധിച്ചതിൽ ടിയാൾ ഡ്രഗ് ലൈസൻസ് ഹാജരാക്കിയിട്ടില്ല.

ലൈസൻസ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-27 മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിലും ലൈസൻസ് അനുവദിച്ചു

ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

1. ഡോ.എഡ്വിൻ വർഗ്ഗീസ്, കാഞ്ഞിരത്തിങ്കൽ, നീംകെയർ ഹോസ്പിറ്റൽ

2. ജെസ്സി സൈമൺ, പെരേപ്പാടൻ ഗ്യാസ് ഏജൻസി

31.10.2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് വാങ്ങേണ്ടത് എന്നിരിക്കെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സ്വീകരിക്കുന്ന സമയത്ത് തന്നെ ഉറപ്പു വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-28 ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് വാങ്ങുന്നില്ല

31.10.2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ ചട്ടം7 പട്ടിക 2 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് വാങ്ങേണ്ടത്. ആയത് മിനിമം 500 രൂപയാണ്. എന്നാൽ പഞ്ചായത്തിൽ പല അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. മാത്രമല്ല 300,400 എന്നീ നിരക്കിലും ലൈസൻസ് ഫീസ് വാങ്ങുന്നുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ-35/1.11.2021). നിലവിലുള്ള ചട്ട പ്രകാരം ഫീസ് വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 പെട്രോൾ പമ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന പെട്രോൾ പമ്പുകൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്.

1.എസ്സാർ ഫ്യൂവൽസ്

2.പെരേപ്പാടൻ ഫ്യൂവൽസ്

3.പടമാടൻ ഫ്യൂവൽസ്

4.കാലടി ഫ്യൂവൽസ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസിനു വിധേയമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-30 നിയമാനുസൃതമല്ലാതെ പെർമിറ്റ് നൽകി

ഫയൽ നമ്പർ - 7850/20 2020-21

സ്റ്റെല്ല ടോമി

മാളിയേക്കൽ ഹൗസ്, കുറുവിലശ്ശേരി

ടി വ്യക്തി സമർപ്പിച്ച പെട്രോൾ പമ്പിനുള്ള പെർമിറ്റ് അപേക്ഷയിന്മേൽ സെക്രട്ടറി എഫ് -5375/20/7.5.2021 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ എൻഒസിയുടേയും ഡിസ്ട്രിക്ട് ടൗൺ പ്ലാനറുടെ ലേ ഔട്ട് അപ്രൂവലിന്റേയും അടിസ്ഥാനത്തിൽ ആണ് പെർമിറ്റ് അനുവദിക്കുന്നതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകളിൽ നിർദ്ദേശിച്ചിരുന്ന വ്യവസ്ഥകൾ പാലിക്കാതെയാണ് പെർമിറ്റ് നൽകിയിരിക്കുന്നത്.

അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ എൻഒസിയിൽ IRC, PWD എന്നിവയുടെ നിയമങ്ങൾ പാലിച്ചുവേണം നിർമ്മാണം നടത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഡിസ്ട്രിക്ട് ടൗൺ പ്ലാനറുടെ ലേ ഔട്ട് അപ്രൂവലിൽ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും, പ്രസ്തുത നിർമ്മാണം സംബന്ധിച്ച പരാതിയിൽ (ശ്രീ മാത്തുണ്ണി എന്ന വ്യക്തിയുടെ പരാതി) നിയമാനുസൃത പരിഹാരം കണ്ടതിനുശേഷമേ നിർമ്മാണാനുമതി നൽകേണ്ടതുള്ളൂ എന്നും, പൊതു മരാമത്ത് വകുപ്പിൽ നിന്നും NOC വാങ്ങണമെന്നും, പെട്രോളിയം റൂൾസ് 2002 പാലിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

ജി.ഒ (എംഎസ്) 67/2020/PWD/16.10.2020 ഉത്തരവിൽ റോഡിന്റെ വളവുകളിലും, റോഡിന്റെ ഇന്റർ സെക്ഷന്റെ 300 മീറ്റർ ചുറ്റളവിലും, ബസ്സ് സ്റ്റോപ്പിൽ നിന്ന് 60 മീറ്റർ ചുറ്റളവിലും പെട്രോൾ പമ്പ് നിർമ്മാണം പാടില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ റസിഡൻഷ്യൽ ഏരിയയുടെ 50 മീറ്റർ ദൂര പരിധിയിൽ ആയിരിക്കണം പെട്രോൾ പമ്പ് സ്ഥാപിക്കേണ്ടത് എന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ PCB/HO /HOW/RULES9/7/19/24.2.2020 സർക്കുലറിൽ (ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ OA No.86/19/18.1.2019 ന്റേയും സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചത്) വ്യക്തമാക്കിയിരുന്നു. എന്നാൽ പെർമിറ്റിനായി സമർപ്പിച്ച അപേക്ഷയിൽ മേൽ ദൂര പരിധികൾ ഒന്നും വ്യക്തമായി രേഖപ്പെടുത്തിയിരുന്നില്ല. HOUSE എന്ന് രേഖപ്പെടുത്തിയതല്ലാതെ എത്ര ദൂരം ആരുടെ എന്നീ വിവരങ്ങൾ ഒന്നും പ്ലാനിൽ കാണിച്ചിട്ടില്ല.

പരാതിക്കാരനായ വ്യക്തി ഈകാര്യങ്ങൾ എല്ലാം പരാതിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ പ്ലാനിൽ ടി വ്യക്തിയുടെ താമസ സ്ഥലം (20 മീറ്റർ മാത്രം ദൂര പരിധിയിൽ) രേഖപ്പെടുത്തിയിട്ടില്ല. സാങ്കേതിക വിഭാഗവും ഈ അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടില്ല. പരാതിക്കാരന്റെ പരാതിയിൽ നിയമാനുസൃത പരിഹാരം കാണാതെയും നിയമങ്ങളും നിർദ്ദേശങ്ങളും കൃത്യമായി പാലിക്കാതെയും പെർമ്മിറ്റ് നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പരാതിക്കാരൻ AIR Apellate Authority യിൽ നൽകിയ പരാതി തീർപ്പാക്കാത്തതിനാൽ കംപ്ലീഷൻ പ്ലാനിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല.

പെർമിറ്റ് നൽകുമ്പോൾ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(3) ലെ വ്യവസ്ഥ പ്രകാരം ആവശ്യമായ എല്ലാ നിയമങ്ങളും മറ്റ് വ്യവസ്ഥകളും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 24/28.10.2021)

## 1-31 ഗുരുധർമ്മം ഹോസ്പിറ്റൽ -പെർമിറ്റ് ,നമ്പറിങ്ങ് (ഭാഗികം) എന്നിവ നിയമാനുസൃതമല്ലാതെ നൽകി

ഫയൽ നമ്പർ – F-318/17(2)/12.1.2017

F-7615/20/15.12.2020

റഗുലറൈസേഷൻ ഫയൽ പരിശോധിച്ചതിൽ നാളിതുവരെ പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് റഗുലറൈസ് ചെയ്ത് നൽകിയിട്ടില്ല. 2019-20 ൽ നമ്പറിങ്ങ് ഭാഗികമായി അനുവദിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കെ ഭാഗികമായി നമ്പറിങ്ങ് (15/568എ) അനുവദിച്ചതായി കാണുന്നു.

1. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സാക്ഷ്യപത്രം വാങ്ങിയിരുന്നില്ല. (ചട്ടം 56(3)

2. KPBR ചട്ടം 56(6), 56(8), 56(9) എന്നിവ പാലിച്ചിരുന്നില്ല.

3. പ്ലാൻ പരിശോധിച്ചതിൽ സർവ്വേ നമ്പർ 613/1 എന്ന സർവ്വേ നമ്പറിൽ ഉൾപ്പെടെയാണ് കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത്. പ്രസ്തുത സ്ഥലം പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിലമാണ്. ആയതിനാൽ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ അനുമതി (RDO) വാങ്ങിയതായി ഫയലിൽ ഇല്ല.

4. KPBR 2011 ചട്ടം 37 ലെ പട്ടിക പ്രകാരം ഗ്രൂപ്പ് സി വിഭാഗം കെട്ടിടങ്ങളുടെ വിസ്തീർണ്ണം 1500 എം2 ന് മുകളിലാണെങ്കിൽ കെട്ടിടത്തിലേക്കുള്ള 'Access Width ' 5 മീറ്റർ ആയിരിക്കണം. എന്നാൽ ഭാഗികമായി പണി പൂർത്തീകരിച്ച് സമർപ്പിച്ച പ്ലാനിൽ 3.6 M ആണ് Access Width ' ആയി കാണിച്ചിരിക്കുന്നത്. തുടർന്ന് കംപ്ലീഷൻ മുഴുവനായി നമ്പറിങ്ങിനായി അപേക്ഷ സമർപ്പിച്ചതിൽ തുടർ നടപടി 'Access Width ' ഇല്ലാത്തതിനാൽ സ്വീകരിച്ചിട്ടില്ല.

പ്രസ്തുത സ്ഥാപനത്തിന് ഒക്യുപൻസി അനുവദിച്ചിട്ടുണ്ടോ എന്ന വിവരവും സ്ഥാപനത്തിന്റെ പണി പൂർത്തീകരിച്ച എല്ലാ നിലകളും നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നീ വിവരങ്ങൾ നൽകുവാനും അപാകതകൾ നിലനിൽക്കെ നമ്പറിങ്ങ് ഭാഗികമായി അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ-17/26.10.2021) മറുപടി ലഭ്യമാക്കിയില്ല. 2020-21 ൽ സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുവാൻ കമ്മിറ്റി സെക്രട്ടറിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് 26.8.2020 ൽ ലൈസൻസും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്മിറ്റി തീരുമാനത്തിൽ (20.8.2020 ലെ അജണ്ട 15 ന്റെ തീരുമാനം) സ്ഥാപനത്തിന് ഭാഗികമായി നമ്പറിങ്ങ് അനുവദിച്ചുവെങ്കിലും തുടർന്നുള്ള നിലകളുടെ നിർമ്മാണം പൂർത്തീകരിച്ച ശേഷം ആവശ്യമായ പാർക്കിങ്ങിന് സ്ഥലം ഇല്ലാത്തതിനാലും Access Width ഇല്ലാത്തതിനാലും സ്ഥാപനം പ്രവർത്തിപ്പിക്കുക എന്നത് സി കാറ്റഗറി കെട്ടിടമായതിനാൽ അപകടകരമാണെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഇമേജ് എന്നിവയുടെ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയതിനാൽ നിയമാനുസൃത ലൈസൻസ് നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. അപാകതകൾ നിലനിൽക്കെ എന്തടിസ്ഥാനത്തിലാണ് സെക്രട്ടറി നിയമാനുസൃതം ലൈസൻസ് അനുവദിച്ചതെന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W , 235AA , 236(9) എന്നീ വകുപ്പുകൾ പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 നഞ്ച ഭൂമിയിലെ കെട്ടിട നിർമ്മാണം തുടർ നടപടി സ്വീകരിക്കേണ്ടതാണ്

എഫ്- 5357/5.9.2020

രഘു.കെ.കെ

കരയാത്തുംപറമ്പിൽ

ആലത്തൂർ

വാർഡ് 6 എന്നയാൾ

സർവ്വെ 136/1, 135/1 -1 എന്നിവയിൽ നിർമ്മിച്ച 129.55 എം2 വർക്ക്ഷോപ്പ് ക്രമവൽക്കരിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു. 136/1 സർവ്വെ നിലമായതിനാൽ അപാകത ചൂണ്ടിക്കാട്ടി ടി വ്യക്തിക്ക് സെക്രട്ടറി കത്ത് നൽകി. എന്നാൽ നാളിതു വരെ ക്രമവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളിൽ നിന്നുള്ള വാടക ഡിമാന്റിൽ 2018-19,2019-20,2020-21വർഷങ്ങളിൽ വലിയ വ്യത്യാസം

2018-19, 2019-20, 2020-21 വർഷങ്ങളിലെ വാടക വരവ് പരിശോധിച്ചപ്പോൾ വാടക ഡിമാന്റിലും വരവിലും താഴെപറയും വിധം വലിയ അന്തരം കാണുന്നു

| വർഷം | വാടക ഡിമാന്റ് തൻവർഷം | വാടക വരവ് തൻവർഷം | ബാലൻസ് |
|---|---|---|---|
| 2018-19 | 2747292 | 2474688 | 272604 |
| 2019-20 | 1980070 | 1671796 | 308274 |
| 2020-21 | 3200000 | 1576750 | 1623250 |

| വർഷം | വാടക ഡിമാന്റ് അരിയർ | വാടക വരവ് അരിയർ | ബാലൻസ് |
|---|---|---|---|
| 2018-19 | 55639 | 29075 | 26564 |
| 2019-20 | 296068 | 262482 | 33586 |
| 2020-21 | 341860 | 204874 | 136986 |

2019-20 ലെ ഡിമാന്റ് 2018-19 ലേതിൽനിന്നും വളരെ കുറയുകയും 2020-21 ലെ ഡിമാന്റ് 2019-20 ലേതിൽ നിന്നും വളരെ വർദ്ധിയ്ക്കുകയും ചെയ്തിട്ടുണ്ട്.

2019-20 ലെ വാടകയുടെ ലെഡ്ജർ പരിശോധിച്ചപ്പോൾ 07.06.19 ന് എൻട്രി വരുത്തിയ 2884657 എന്ന വാടക ഡിമാന്റ് 31.03.2020 ലെ 41900352 വൗച്ചർ പ്രകാരം 904587 രൂപ കുറവ് വരുത്തി 1980070 എന്ന് ആക്കിയിട്ടുണ്ട്.

മേൽപ്രകാരമുള്ള വ്യത്യാസങ്ങൾക്കുള്ള കാരണം വ്യക്തമാക്കേണ്ടതും വാടകയിനത്തിൽ അവശേഷിയ്ക്കുന്ന വലിയ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതുമാണ്. 2018- 19 ലെ വാടകകുടിശ്ശിക ഡിമാന്റ് - കളക്ഷൻ = ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഈ അപാകത പരിഹരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 27/29.10.2021)

## 1-34 ലേലം രജിസ്റ്റർ പരിപാലിയ്ക്കുന്നത് സംബന്ധിച്ച്

2019-20, 2020-21 വർഷങ്ങളിലെ ലേലം രജിസ്റ്റർ പരിശോധനയ്ക്ക് നൽകാൻ 46/02.11.2021 ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും രജിസ്റ്ററുകൾ പരിശോധനയ്ക്ക് നൽകിയിരുന്നില്ല. ലേലം രജിസ്റ്റർ എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-35 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ 9407 രൂപയുടെ നഷ്ടം

ന്യൂ ബിൽഡിംഗ് രജിസ്റ്ററും, അനുബന്ധ ഫയലുകളും പരിശോധിച്ചതിന്റെ ഭാഗമായി ശ്രീ.കെ.ടി ജോയ്, കടിച്ചീനി ഹൗസ്, മാള എന്നവരുടെ ഉടമസ്ഥയിലുള്ള 15/1224C നമ്പർ കെട്ടിടത്തിന് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചിരുന്നു. പ്രസ്തുത കെട്ടിടം 331.86 M2 വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ആണെന്നിരിക്കെ ആയതിനെ വാണിജ്യാവശ്യത്തിനുള്ള 200 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താതെ പകരം വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 331.86 M2 |
| അടിസ്ഥാന നികുതി നിരക്ക് | 60 |
| അടിസ്ഥാന വസ്തു നികുതി | 19911.60 |
| ഇളവുകൾ | 0.00 |
| വർദ്ധന | 6969.06 |
| വാർഷിക വസ്തു നികുതി | 26881<br>രശീതി നമ്പർ/ തീയതി. 1200310104097/ 14.01.2021 |
| ലൈബ്രറി സെസ്സ് | 1345 |
| ആകെ നികുതി ഇക | 28226/- രൂപ |
| **ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 200 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ** | |
| വിസ്തീർണ്ണം | 331.86 M2 |
| അടിസ്ഥാന നികുതി നിരക്ക് | 80 |
| അടിസ്ഥാന വസ്തു നികുതി | 26548.8 |
| ഇളവുകൾ | 0.00 |
| വർദ്ധന | 9292.08 |
| വാർഷിക വസ്തു നികുതി | 35841 |
| ലൈബ്രറി സെസ്സ് | 1792 |
| ആകെ നികുതി ഇക | 37633 രൂപ |

ആയതിനാൽ 331.86 ച.മീറ്റർ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റിനെ വാണിജ്യാവശ്യത്തിനുള്ളവ 200 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താതെ പകരം വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി തെറ്റായി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് 9407/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് 01.11.2021 ലെ ഓഡിറ്റ് അന്വേഷണം നം.37/2020-21 പ്രകാരം ആവശ്യപ്പെട്ടതിന് ടി വിവരം കെട്ടിട ഉടമസ്ഥനെ രേഖാമൂലം അറിയിച്ച് നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 80 രൂപ എന്ന നിരക്കിൽ പരിഷ്കരിച്ച് നികുതി കാലയളവായ 2020-21 സാമ്പത്തികവർഷം രണ്ടാം അർദ്ധപാദം മുതൽ അടവാക്കിക്കുമെന്നും, മേലിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാത്ത വിധം ഫയലുകൾ കൈകാര്യം ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-36 മാള സാമൂഹികാരോഗ്യ കേന്ദ്രം HMC 2015-16 സാമ്പത്തിക വർഷം മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ (ആർ.റ്റി ) 3379 / 14 എച്ച്. എഫ് ഡബ്ളിയു.ഡി തി 3-12-04 എന്നിവയ്ക്ക വിധേയമായി രൂപം കൊണ്ടിട്ടുള്ള മാള സാമൂഹികാരോഗ്യ കേന്ദ്രം HMC 2015-16 സാമ്പത്തിക വർഷം മുതലുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 വസ്തു നികുതി- റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ന്യൂ ബിൽഡിംഗ് രജിസ്റ്ററും പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോൾ റഗുലറൈസേഷൻ ഫീസ് ഈടാക്കിയതായി കാണുന്നില്ല .

| ക്രമ നം. | കെട്ടിട ഉടമ | കെട്ടിട നമ്പർ | റഗുലറൈസ് ചെയ്യേണ്ട വിസ്തീർണ്ണം |
|---|---|---|---|
| 1. | SUMA C.A | IV/4 | 22.13 M2 |
| 2. | VINEETHA | IX/404C | 9.81 M2 |
| 3. | PAUL GEORGE | V/472 A,B | 11.61 M2 |
| 4. | MUSTHAFA | 10/519 A,B,C,D | 15.94 M2 |
| 5. | VARGHESE & LALI | XVII/388 A1-A9, 388 B1-B8 | 26.92 M2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.41/19-20,20-21 തീയതി 01/11/2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന കെട്ടിട ഉടമകളിൽ നിന്നും റെഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്.

## 1-38 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകിയതിലെ അപാകതകൾ

സ.ഉ(കൈ)നം. 106/17/തസ്വഭവ തീയതി. 26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം ഇളവിന് അർഹതപ്പെട്ടവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്നവരിൽ തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമേ നികുതി ഇളവിന് അർഹതയുള്ളു. കൂടാതെ ഇളവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് .

വിമുക്ത ഭടന്മാർക്ക്/ അവരുടെ ഭാര്യമാർക്ക് വസ്തു നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളും, നികുതി ഇളവ് രജിസ്റ്ററും പരിശോധിച്ചപ്പോൾ 57 പേർ നികുതി ഇളവിന് അപേക്ഷിക്കുകയും അത്രയും പേർക്ക് ഇളവും നൽകിയിട്ടുണ്ട്. എന്നാൽ 2020-21 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചപ്പോൾ വിമുക്ത ഭടന്മാർക്ക്/ അവരുടെ ഭാര്യമാർക്ക് വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയതുമായി ബന്ധപ്പെട്ട ഒരു തീരുമാനവും കണ്ടെത്താനായില്ല. ടി സാഹചര്യത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയാണോ വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകിയത് എന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.45/20-21 തീയതി:02.11.2021) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം വിമുക്ത ഭടന്മാരുടെ വീടുകൾക്ക് വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകേണ്ടതാണ്.

## 1-39 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഓഡിറ്റിന്റെ ഭാഗമായി 2019-20, 2020-21 സാമ്പത്തികവർഷങ്ങളിലെ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 21/19-20, 20-21 തീയതി 28/10/2021 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ചുവടെ പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച പ്രത്യേക കെട്ടിടം നമ്പർ നൽകി ഫോറം 10 ലുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.
2. സർക്കലർ നം.29342/ആർഎ1/2014/തസ്വഭവ തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണങ്ങളുടെ വിശദവിവരം രജിസ്റ്ററിൽ ചേർക്കേണ്ടതും, ടി വിവരം സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും, ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം വിവരം രജിസ്റ്ററിൽ ചേർത്ത്, സെക്രട്ടറി എല്ലാ മാസവും രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്.

## 1-40 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) സംബന്ധിച്ച്

2020 – 21 ൽ ജി.ഒ പ്രോജക്ടുകൾ പ്രകാരം ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി ) (സ്രോതസ്സിൽ നിന്നും ഈടാക്കൽ) താഴെപറയും വിധം നടത്തിയിട്ടുണ്ട്

| പദ്ധതി നമ്പർ | പദ്ധതിയിൽ കുറവ് വരുത്തിയ തുക | തുക ഈടാക്കുന്നതിന് ബാധകമായ സർക്കാർ ഉത്തരവ് |
|---|---|---|
| 272/21 | 95274 | സ.ഉ(സാധാ)നം.4461/2020/ ധന.തിയതി 03.08.2020 |
| 273/21 | 95275 | സ.ഉ(സാധാ)നം.43/2020/ ധന. തിയതി 01.01.2021 |

ലൈഫ് മിഷൻ (എസ്.സി.പി) യ്ക്കായി ഗ്രാമപഞ്ചായത്ത് വായ്പ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽപ്രകാരമുള്ള സ്രോതസ്സിൽ നിന്നുള്ള ഈടാക്കലുകൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 30/29.10.2021)

## 1-41 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപറയുന്ന പദ്ധതികളിൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 33/30.10.2021)

| ക്രമ നമ്പർ | പദ്ധതി നമ്പർ, പേര് | വൗച്ചർ നമ്പർ, തിയതി, തുക | തുക ലഭിച്ച സ്ഥാപനം |
|---|---|---|---|
| 1 | 70/21,ക്യാൻ തൃശ്ശൂർ-ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | 22001084/ 08.01.2021 80000 (വികസനഫണ്ട് പൊതുവിഭാഗം) | ജില്ലാ പഞ്ചായത്ത് , തൃശ്ശൂർ |
| 2 | 157/2021, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 2200118/09.04.2020 226968 (തനത് ഫണ്ട്) വൗച്ചർ നമ്പർ 22000259/11.05.2020 255000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | KSEB മാള-226968 KSEB മാള-69991 KSEB അന്നമനട-185009 (317965 രൂപയുടെ UC ലഭിച്ചിട്ടുണ്ട്, 164003 രൂപയുടെ UC ലഭിക്കാനുണ്ട്) |

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ 244003 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-42 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ,തെരുവ് വിളക്ക് പരിപാലനം കേടായ ബൾബുകൾ മാറ്റിവാങ്ങുന്നത് സംബന്ധിച്ച്

തെരുവ് വിളക്കുകളുടെ പരിപാലനം എന്ന 8/21 പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ No:D-8015/2020 നമ്പറായി 30.11.20, 26.02.2021 എന്നീ തിയതികളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ABC Marketting മാനേജർക്ക് അയച്ച കത്തുകളിൽ യഥാക്രമം, 182 LED ബൾബുകൾ, 80 LED ബൾബുകൾ എന്നിവ കേടായത് മാറ്റിത്തരാൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടു.

ഇക്കാര്യത്തിൽ വിതരണക്കാർ ഉപകരണങ്ങൾ മാറ്റിനൽകിയോ എന്നും ഇല്ലെങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചുഎന്നും വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 34/30.10.2021)

## 1-43 ഡാറ്റാ എൻട്രി ഓപ്പറേറ്റർ-ദിവസവേതനനിയമനം സംബന്ധിച്ച്

14-9-2020 ലെ, തീരുമാനം 13 (1) കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള റിപ്പോർട്ടുകളുടെ ഡാറ്റാ എൻട്രികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് എന്നിവയുടെ ഭാഗമായുള്ള ഡാറ്റാ എൻട്രികൾ എന്നിവയ്ക്കായി ഡാറ്റാ എൻട്രി ഓപ്പറേറ്ററായ ശ്രീ.സിംസൺ ജെ മാഞ്ഞൂരാന്റെ സേവനം, 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. എന്നാൽ ഈ നിയമനത്തിന് ആധാരമായ സർക്കാർ ഉത്തരവുകളോ തീരുമാനങ്ങളോ പഞ്ചായത്തിൽ ലഭ്യമല്ല. സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെയുള്ള ഇത്തരം നിയമനങ്ങൾ കർശനമായി നിയന്ത്രിക്കേണ്ടതാണ്.

## 1-44 ദിവസനവേതനക്കാർക്ക് സർക്കാർ ഉത്തരവിലും അധികമായി വേതനം നൽകി

മാള ഗ്രാമപഞ്ചായത്തിൽ, 2020-21 സാമ്പത്തിക വർഷത്തിൽ, ദിവസവേതനക്കാരുടെ വേതനം സംബന്ധിച്ച, സർക്കാർ ഉത്തരവ് നം. ജി ഒ (പി) നം.81/2019/ഫിൻ, തിയതി. 9-7-2019 പ്രകാരം നൽകാവുന്നതിലും അധികം തുക നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | പരമാവധി നൽകാവുന്നതുക | നൽകിയ തുക | വൗച്ചർ നം/തിയതി | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | സിംസൺ ജെ മാഞ്ഞൂരാൻ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 19980 | 21460 | 22000012,dt.2-4-20 | 1480 |
| 2 | സിംസൺ ജെ മാഞ്ഞൂരാൻ | ഡാറ്റാ എൻട്രി | 19980 | 21460 | 22000794,dt.1-12-20 | 1480 |

| | | | | | | |
|---|---|---|---|---|---|---|
| | | ഓപ്പറേറ്റർ | | | | |
| 3 | സിംസൺ ജെ മാഞ്ഞൂരാൻ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 19980 | 20720 | 22000856,dt.1-1-21 | 740 |
| 4 | മാലതി.സി.എൻ | ഫുൾ ടൈം സ്വീപ്പർ | 17820 | 18480 | 22000015,dt.2-4-20 | 660 |
| 5 | മാലതി.സി.എൻ | ഫുൾ ടൈം സ്വീപ്പർ | 17820 | 19800 | 22000082,dt.2-5-20 | 1980 |
| 6 | മാലതി.സി.എൻ | ഫുൾ ടൈം സ്വീപ്പർ | 17820 | 19140 | 22000168,dt.1-6-20 | 1320 |
| ആകെ | | | | | | 7660 |

അധികം നൽകിയ തുക ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-45 മുഴവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥയായ പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി, 90640/രൂപ (ഇ ബിൽ ഐ ഡി നം.2017200592623) കേരളാ മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയിട്ടുണ്ട്. എന്നാൽ, 49339/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി , 41301/രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 കന്നുകുട്ടി പരിപാലനം-പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതി വഹിതം തിരികെ ഈടാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ, കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം | ഗുണഭോക്താവിന്റെ പേര് | തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| 237/20-21 | ഗോപി, ഐ,പി, ഇറ്റിത്തറ | 12/2020 വരെ |
| 237/20-21 | ജോണി.പി.എ. പഴേടത്ത് പറമ്പിൽ | 5/2021 വരെ |
| 106/20-21 | ലേഖാ രഞ്ചൻ | 4/2021ൽ മാത്രം തീറ്റ വാങ്ങി |

ഇത്തരത്തിൽ പദ്ധതി പൂർത്തീകരിക്കാതെ പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക്, എസ് എൽ ബി പി പ്രോജക്ട് ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-47 2020-21 എസ് എസ് കെ വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പദ്ധതി നമ്പർ – 88/2021 (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്
വൌച്ചർ നമ്പർ-22000740/23.7.2020

എസ് എസ് കെ ക്ക് വിഹിതം നൽകൽ പദ്ധതി പ്രകാരം 702500 രൂപ കൈമാറിയതിന് എസ്റ്റിമേറ്റ്, ഫൈനൽ യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-48 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ. ഒരെണ്ണം വിതരണം നടത്തിയിട്ടില്ല

പദ്ധതി നമ്പർ – 105/20

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

2019-20 ലെ സ്പിൽ ഓവർ പദ്ധതി പ്രകാരം 166399 രൂ ചെലവഴിച്ച് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ നിന്നും ഇൻവോയ്സ് നമ്പർ-292/2020-21/4.2.2021 പ്രകാരം 33 എണ്ണം മേശ, കസേര എന്നിവ വാങ്ങിയതിൽ ഒരു മേശയും, കസേരയും വിതരണം നടത്തിയിട്ടില്ല. ശ്രീരഞ്ജൻ സന്തോഷ്, അരിക്കാട്ട് എന്ന വിദ്യാർത്ഥിയുടെ അപേക്ഷ അനുബന്ധ രേഖകൾ ഫയലിൽ ഉണ്ടെങ്കിലും ടിയാൾ ഫർണ്ണീച്ചർ കൈപ്പറ്റിയിട്ടില്ല. ടിയാൾക്ക് ഫർണ്ണീച്ചർ ആവശ്യമില്ലാത്ത പക്ഷം ഫർണ്ണീച്ചർ അർഹത ഉള്ള വർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-49 B4 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകൾ ചെലവഴിക്കാത്തത് -തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2020-21 ലെ ബാലൻസ് ഷെഡ്യൂൾ B4 ൽ ഉൾപ്പെട്ട താഴെ പറയുന്ന തുകകൾ അവ ലഭ്യമായ ആവശ്യത്തിലേക്കായി നാളിതുവരെ വിനിയോഗിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ഹെഡ്ഡ് | ബാലൻസ് തുക | റിമാർക്സ് |
|---|---|---|
| 320100115 | 3661558 | ശുചിത്വ മിഷൻ ഗ്രാന്റ് |

| | | |
|---|---|---|
| 320100126 | 45295 | പൈക്ക പദ്ധതിക്ക് ലഭിച്ച തുകയുടെ പലിശ. പദ്ധതി 2013-14 ൽ പൂർത്തീകരിച്ചു. |
| 320200307 | 52341 | വാട്ടർ അതോറിറ്റി റോഡ് റെസ്റ്റോറേഷനായി പഞ്ചായത്തിലേക്ക് അടവാക്കിയ തുക |
| 320200309 | 152437 | സാക്ഷരത പ്രേരക് ഹോണറേറിയം റീഫണ്ട് ചെയ്ത് ലഭിച്ച തുകയും പലിശയും |
| 320200322 | 425000 | ശുചിത്വ മിഷൻ പ്രീമൺസൂൺ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക |
| 320200399 | 30305 | 22000 രൂപ ശിശു വികസന വകുപ്പിൽ നിന്നും ലഭിച്ച തുക. ബാക്കി തുക ബിപിഎൽ സർവ്വേക്ക് കളക്ടറേറ്റിൽ നിന്നും ലഭിച്ചതിലെ ബാലൻസ്. |
| 320300102 | 969722 | ജലനിധി പദ്ധതിക്കായി ലഭിച്ച തുകയുടെ പലിശ |
| 320300103 | 1270000 | 12.12.2013 ലും (170000 രൂപ) 1.7.2018 ലും ( 1100000 രൂപ) ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുകകൾ. |
| 320400199 | 9943 | ലൈഫ് മിഷൻ പദ്ധതിക്കായി ലഭിച്ച സംഭാവന |
| 320700105 | 25376 | ജില്ലാ പഞ്ചായത്ത് വിഹിതം (Capital) |
| 320700205 | 422380 | ജില്ലാ പഞ്ചായത്ത് വിഹിതം(revenue) |
| 320700204 | 1374762 | ബ്ളോക്ക് പഞ്ചായത്ത് വിഹിതം(revenue) |

വിവിധ ഏജൻസികളിൽ നിന്നും ലഭ്യമായ തുകകൾ അതത് ആവശ്യത്തിനായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവ ലഭ്യമാക്കിയ ഏജൻസിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-50 ജലനിധി വെള്ളക്കരം ഇനത്തിലെ കുടിശ്ശിക- 1,60,86,530/- രൂപ

മാള ഗ്രാമപഞ്ചായത്തിൽ ജലനിധി പ്രവർത്തനങ്ങൾ ആരംഭിച്ചത് 2013 ലാണ്. ജലനിധി മുഖേനയുള്ള ജലവിതരണം 2017 ആഗസ്റ്റ് മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൊതുടാപ്പുകൾ ഉപയോഗിച്ചിരുന്ന ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകി ഗ്രാമപഞ്ചായത്തുകളിലെ പൊതുടാപ്പുകൾ റദ്ദ് ചെയ്യുകയുണ്ടായി. ഗ്രാമപഞ്ചായത്ത് SLEC (സ്കീം ലെവൽ എക്സ്പെർട്ട് കമ്മിറ്റി) യുമായും, KWA (കേരള വാട്ടർ അതോറിറ്റി) യുമായും ഉണ്ടാക്കിയ കരാർ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം SLEC പിരിച്ചെടുത്ത് പഞ്ചായത്തിൽ അടക്കുകയും ബൾക്ക് മീറ്റർ റീഡിംഗ് പ്രകാരം KWA ക്ക് നൽകേണ്ട തുക ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്യണം. 234 ഗാർഹികേതര കണക്ഷനുകൾ ഉൾപ്പെടെ ആകെ 6187 കണക്ഷനുകളാണ് പഞ്ചായത്തിൽ ജലനിധിക്ക് ഉള്ളത്. ഇതിൽ 3003 കണക്ഷനുകൾ പഴയ വാട്ടർ അതോറിറ്റിയുടെ കണക്ഷനുകൾ കൈമാറി കിട്ടിയിട്ടുള്ളതാണ്. നിലവിൽ വെള്ളക്കരമിനത്തിൽ വാട്ടർഅതോറിറ്റി 6രൂപ/കിലോ ലിറ്റർ നിരക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നും തുക ഡിമാന്റ് ചെയ്യുന്നുണ്ട്. ജലനിധി ഗാർഹിക ഗുണഭോക്താക്കളിൽ നിന്നും 70 രൂപ /5000 ലിറ്റർ എന്ന നിരക്കിലാണ് ഡിമാന്റ് ചെയ്യുന്നത്. ജലവിതരണം സംബന്ധിച്ച കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഉപഭോക്താക്കളിൽ നിന്നും നാളിതുവരെ 1,39,78,886/- രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കാണുന്നു. അതേ സമയം വാട്ടർ അതോറിറ്റിക്ക് ഗ്രാമപഞ്ചായത്ത് (2/2021 ൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ബിൽ പ്രകാരം) വെള്ളക്കരമിനത്തിൽ 1,60,86,530/- രൂപ നൽകാനുള്ളതായും കാണുന്നു. സമയബന്ധിതമായി ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുക്കാനാവാത്തതു മൂലമാണ് വാട്ടർ അതോറിറ്റിക്കു നൽകാനുള്ള തുക നൽകാൻ സാധിക്കാത്തതെന്നാണ് ജലനിധി പ്രൊജക്ട് അസിസ്റ്റന്റ് അറിയിച്ചത്. ഗാർഹികേതര ഗുണഭോക്താക്കളിൽ രണ്ട് ലക്ഷത്തിലധികം രൂപ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ട്. (ഉദാ- ഫ്ലവർ ഹോട്ടൽ, മാള) 2020-21 ലെ ജലനിധി കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | കളക്ഷനിൽ നിന്നും പഞ്ചായത്തിലേക്ക് അടവാക്കിയ തുക | മെയ്ന്റനൻസിനായി ചെലവഴിച്ച തുക | ജീവനക്കാരുടെ വേതനം ഇനത്തിലെ ചെലവ് തുക |
|---|---|---|---|---|
| 6943190 | 3010013 | 2100000 | 216475 | 802793 |

ഡിമാന്റ് തുക പിരിച്ചെടുക്കുന്നതിൽ കാണിക്കുന്ന ശുഷ്കാന്തി കുറവും കളക്ഷനിൽ നിന്നും മെയ്ന്റനൻസ്, വേതനം എന്നീ ഇനങ്ങളിലെ ചെലവുകൾ കണ്ടെത്തേണ്ടി വരുന്നതിനാലും കളക്ഷൻ തുക കൈമാറുന്നതിൽ കുറവ് സംഭവിക്കുകയും കുടിശ്ശിക വർദ്ധിക്കുകയും ചെയ്യുന്നു. കൂടാതെ ജലനിധി പദ്ധതിക്ക് വാട്ടർ അതോറിറ്റി കൈമാറിയ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ മുഴുവനായി കണ്ടെത്തുന്നതിന് ജലനിധിക്ക് കഴിയാത്തതും കുടിശ്ശിക വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ട്. ഇത്തരത്തിൽ തുടരുന്ന പക്ഷം ഗ്രാമപഞ്ചായത്തിന് ജലനിധിയുടെ നടത്തിപ്പ് വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്നത് ഉറപ്പാണ്. ജലനിധി പദ്ധതി പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് വിഹിതമായി 2013-14 മുതൽ 2019-20 വരെ 95,01,106 രൂപ കൈമാറിയിട്ടുണ്ട്.

ശുപാർശകൾ.

1. വെള്ളക്കരം പിരിവ്, അടവ്, ചെലവുകൾ സംബന്ധിച്ച കാര്യക്ഷമമായ പരിശോധന/ ഇടപെടൽ എന്നിവ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും കൃത്യമായ ഇടവേളകളിൽ ഉണ്ടാകണം. കുടിശ്ശിക വിഷയത്തിൽ ജലനിധിയുടെ കണക്കുകളും പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകേണ്ട കുടിശ്ശികയും പൊരുത്തപ്പെടാത്തത് സംബന്ധിച്ചും പരിശോധന ഉണ്ടാകേണ്ടതാണ്.

2. വെള്ളക്കരം പിരിവ് കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് സ്പോട്ട് ബില്ലിംഗ്, ഓൺ ലൈൻ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. നിലവിൽ ഗ്രാമപഞ്ചായത്തിന് വാട്ടർ അതോറിറ്റി നിശ്ചയിച്ച നിരക്ക് 6 രൂപ/ *Kl ആണ്. എന്നാൽ വാട്ടർ അതോറിറ്റിയുടെ നേരിട്ടുള്ള കണക്ഷനുകൾക്ക് 4*രൂപ /Kl നിരക്കിലാണ് ജലവിതരണം നടത്തുന്നത്. ജലനിധി കണക്ഷനുകൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതും ജീവനക്കാരുടെ വേതനം കൊടുക്കുന്നതും ജലനിധി അക്കൗണ്ടിൽ നിന്നു തന്നെയാണ്. 64 കംപ്ലയിന്റുകളാണ് 2019-20ൽ ജല വിതരണവുമായി ബന്ധപ്പെട്ട്

ജലനിധിയിൽ രജിസ്റ്റർ ചെയ്യത്. എന്നാൽ 2020-21 ൽ കംപ്ലയിന്റുകളുടെ എണ്ണം 248 ആയി വർദ്ധിച്ചു. അറ്റകുറ്റപ്പണികൾക്കു വേണ്ടി വന്ന ചെലവും ഏകദേശം ഇരട്ടിയായി. (2019-20ൽ 140400 രൂപ 2020-21 ൽ 216475 രൂപ) ആയതിനാൽ ഈ വിഷയങ്ങളിൽ ജലനിധിയുമായും വാട്ടർ അതോറിറ്റിയുമായും ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

SLECയുടെ ഭാഗത്തു നിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നാൽ വാട്ടർ അതോറിറ്റിക്ക് തുക അടവാക്കേണ്ട ഉത്തരവാദിത്വമുള്ള ഗ്രാമപഞ്ചായത്ത് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. ജലനിധി നിലവിൽ വന്നതോടെ പഞ്ചായത്ത് രാജ് നിയമങ്ങളിലെ പട്ടിക 3 പ്രകാരം ജലവിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായി മാറിയിരിക്കുകയാണ്. SLEC യുടെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് വിലയിരുത്തൽ നടത്തിയിട്ടില്ല. ജലചൂഷണം/മോഷണം നടത്തുന്നത് കണ്ടെത്തുന്നതിന് ആന്റി തെഫ്റ്റ് സ്ക്വാഡ് രൂപീകരിക്കുകയോ, കുടിശ്ശിക അടവാക്കാത്തവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനും ജലവിതരണം കാര്യക്ഷമമായി നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യങ്ങൾ നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പദ്ധതി നമ്പർ – 96/21

വാഴ കൃഷി വികസനം

പദ്ധതി നമ്പർ – 92/21

സമഗ്ര നെൽകൃഷി വികസനം

സ.ഉ.(കൈ)നം.22/18തസ്വഭവ/14.2.2018 ഉത്തരവ് പ്രകാരം വളം വിതരണ പദ്ധതികളിൽ പരമാവധി തുക തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിക്കേണ്ടതാണ്. കൂടാതെ വളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്.

ഉദാഹരണമായി വാഴ കൃഷി വികസനം പദ്ധതിയിൽ റോസിലി കണ്ണംപിള്ളി എന്ന വ്യക്തി ഇൻവോയ്സ് നം 3020/11.12.2020 3015/10.12.2020 എന്നിവ പ്രകാരം ബോൺ മീൽ വാങ്ങിയിരിക്കുന്നത് കിലോക്ക് 36 രൂപ നിരക്കിലാണ്. കത്ത് നം DAHO/TSR/2435/2019/D1/27.2.2020 ന് നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് പ്രകാരം ബോൺ മീലിന് അംഗീകരിച്ച നിരക്ക് കിലോക്ക് 30 രൂപ ആണ്. കൂടാതെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയത് പരമാവധി നിശ്ചയിക്കാതെയാണ്. ഉദാ.ജെസ്സി ഷാജു 40000 രൂപ, ജിതി–വിപിനൻ-30000 രൂപ, ബിന്ദു മാർട്ടിൻ – 26000 രൂപ എന്നിങ്ങനെ സബ്സിഡി നൽകി കാണുന്നു.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/22.10.2021) നൽകിയ മറുപടിയിൽ പരമാവധി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ച് നൽകിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-52 വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ പരിധി കഴിഞ്ഞിട്ടും ഫൈൻ ഈടാക്കാത്തത്

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) പി.ഡബ്ള്യ.ഡി മാന്വൽ എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവ പ്രകാരമുള്ള നടപടി ക്രമങ്ങൾ ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ഇതിൽ കോവിഡ് കാലത്ത് വെച്ച എഗ്രിമെന്റുകൾക്ക് എഗ്രിമെന്റ് സമയത്തിന് പുറമേ ആറു മാസം പിഴ കൂടാതെ അനുവദിക്കാവുന്നതാണ് എന്ന് 31/07/21 ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 1444/2021 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഈ കാലാവധി കഴിഞ്ഞും പ്രവൃത്തി നീണ്ടു പോയതിന് നിയമ പരമായ സാധുത ഇല്ല എന്നതിനാൽ എഗ്രീഡ് പി.എ.സി യുടെ ഒരു ശതമാനം തുക പിഴ ഈടാക്കാതിരുന്ന ഉദ്യോഗസ്ഥന്റെ നടപടി നിയമപരമായി നിലനിൽക്കുന്നതല്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. (നിർവ്വഹണ ഉദ്യോഗസ്ഥൻ . അസിസ്റ്റന്റ് എഞ്ചിനീയർ)

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | Ts.No. Period | എഗ്രീഡ് പി.എ.സി | കരാറുകാരൻ | ഫൈനൽ മെഷർമെന്റ് തീയതി | എഗ്രിമെന്റ് നമ്പർ | പൂർത്തിയാക്കേണ്ട തീയതി |
|---|---|---|---|---|---|---|---|---|
| 1 | 194/21 | സ്നേഹഗിരി അംഗൻ വാടി നമ്പർ 104 നിർമ്മാണം | 115261/2018-19 Dt.15/02/2019 6 Months | 1691458 | സെബാസ്റ്റ്യൻ.എ.വി | 02/08/2021 | 31/AE/LSGD /mala/2019-20 05/03/2020 | 15.08.19 |

11. കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) പി.ഡബ്ള്യ .ഡി മാന്വൽ എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവ പ്രകാരം എഗ്രീഡ് പി.എ.സി യുടെ ഒരു ശതമാനം പിഴയാണ് ആദ്യ ടൈം എക്സ്റ്റെൻഷനിൽ ഈടാക്കേണ്ടത്. എന്നാൽ താഴെ ചേർക്കുന്ന പ്രവർത്തിയിൽ മേൽപ്രകാരം പിഴ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വൗച്ചർ നമ്പർ. 22000246 / 17-04-2020 സെക്കന്റ് / ഫൈനൽ പാർട്ട് ബിൽ തുക. 240616

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | Ts.No. Period | എഗ്രീഡ് പി.എ.സി | കരാറുകാരൻ | മെഷർമെന്റ് തീയതി | എഗ്രിമെന്റ് നമ്പർ | ഈടാക്കേണ്ടിയിരുന്ന തുക/ ഈടാക്കിയ തുക/ ഈടാക്കേണ്ട തുക. | പൂർത്തിയാക്കേണ്ട തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | 204/20 | വിവിധ അംഗൻ വാടി | 114862/18-19 14/02/2019, | 596795.38 | ദേവസ്സിക്കുട്ടി.സി.വി | 17/04/20 | 2/AE/2019-20 /LSGD/MALA/ | 5968/ 3255/ 2713 | 14.08.19 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | മെയിന്റനൻസ് | 6 Months | | | | 24-07-2019 | |

ആകെ തുക. 2713

## 1-53 മരാമത്ത് അവലോകനം

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് നടത്തിയ രണ്ടു വർഷങ്ങളിൽ ആകെ പ്രവർത്തി നടന്ന ഫയലുകളിൽ താഴെ ചേർക്കും പ്രകാരം വിശദപരിശോധന നടത്തിയിട്ടുണ്ട്. ഈ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| വർഷം | ആകെ ഫയലുകൾ | വിശദപരിശോധന നടത്തിയതിന്റെ എണ്ണം |
|---|---|---|
| 19-20 | 49 | 15 |
| 20-21 | 74 | 32 |

1.മാള ഗ്രാമ പഞ്ചായത്തിലെ 2019-20, 2020-21 വരെയുള്ള ടെൻഡറുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കാര്യങ്ങൾ ഓഡിറ്റ് പ്രത്യേകം പരിശോധിക്കുകയുണ്ടായി.

19-20 വർഷം ആകെ 13 ടെൻഡറുകൾ വിളിച്ചതായാണ് കാണുന്നത്. അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ടെൻഡർ നോട്ടീസ് നമ്പർ | തിയ്യതി | ആകെ ടെൻഡർ | ആരും ടെൻഡർ സമർപ്പിക്കാത്തവയുടെ എണ്ണം | സിംഗിൾ ടെൻഡറുകളുടെ എണ്ണം |
|---|---|---|---|---|
| T1/20 | 17/07/2019 | 19 | 18 | 1 |
| T2/20 | 26/08/2019 | 19 | 9 | 3 |
| T3/20 | 17/10/2019 | 14 | 4 | 1 |
| T4/20 | 11/11/2019 | 24 | 16 | 3 |
| T5/20 | 28/12/2019 | 11 | 4 | Nil |
| T6/20 | 03/01/2020 | 5 | 4 | Nil |
| T7/20 | 17/02/2020 | 10 | 10 | Nil |
| T8/20 | 17/02/2020 | 11 | 10 | Nil |
| T9/20 | 20/02/2020 | 5 | 5 | Nil |
| T10/20 | 13/03/2020 | 11 | 5 | Nil |
| T11/20 | 19/03/2020 | 3 | 1 | Nil |
| T12/20 | 19/03/2020 | 10 | 10 | Nil |
| | | 142 | 96 | 8 |

20-21 വർഷം ആദ്യത്തെ 17 ടെൻഡറുകൾ കണക്കിലെടുത്താൽ അവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നതാണ്.

| ടെൻഡർ നോട്ടീസ് നമ്പർ | തിയ്യതി | ആകെ ടെൻഡർ | ആരും ടെൻഡർ സമർപ്പിക്കാത്തവയുടെ എണ്ണം | സിംഗിൾ ടെൻഡറുകളുടെ എണ്ണം |
|---|---|---|---|---|
| T1/21 | 04/05/2020 | 15 | 7 | ഇല്ല |
| T2/21 | 19/052020 | 5 | 4 | " |
| T3/21 | 04/06/2020 | 4 | 3 | " |
| T4/21 | 04/06/2020 | 7 | 5 | " |
| T5/21 | 14/07/2020 | 11 | 8 | " |
| T6/21 | 14/07/2020 | 6 | 6 | " |
| T7/21 | 14/07/2020 | 3 | 2 | " |
| T8/21 | 24/08/2020 | 11 | 11 | " |
| T9/21 | 24/08/2020 | 10 | 10 | " |
| T10/21 | 25/08/2020 | 11 | 11 | " |
| T11/21 | 25/09/2020 | 5 | 4 | " |
| T12/21 | 25/09/2020 | 6 | 2 | " |
| T13/21 | 25/09/2020 | 10 | 10 | " |
| T14/21 | 27/10/2020 | 11 | 11 | " |
| T15/21 | 27/10/2010 | 1 | 1 | " |
| T16/21 | 27/10/2020 | 14 | 11 | " |
| T17/21 | 27/10/2020 | 11 | 11 | " |
| ആകെ | | 141 | 117 | |

മേൽപ്പട്ടിക പരിശോധിച്ചാൽ 19-20 വർഷം 12 തവണയായി 142 വർക്കുകൾ (റീ ടെൻഡർ ഉൾപ്പടെ) 96 വർക്കുകളുടെ കാര്യത്തിലും പ്രതികരണമുണ്ടായില്ല എന്ന് കാണാവുന്നതാണ്. എട്ടു പ്രവർത്തികളിൽ സിംഗിൾ ടെൻഡറാണ്.

സമാനമായി 20-21 ൽ തെരഞ്ഞെടുത്ത കാലയളവിലെ 17 ടെൻഡറുകളിലായി 141 വർക്കുകൾ ടെൻഡറിന് വെച്ചപ്പോൾ 117 എണ്ണത്തിലും

പ്രതികരണമുണ്ടായില്ല. സിംഗിൾ ടെൻഡറുകളുടെ കണക്ക് ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

മേൽകാണിച്ച രണ്ടു വർഷവും ടെൻഡർ നടപടികൾ ആരും പങ്കെടുക്കാനില്ലാതെ വീണ്ടും, വീണ്ടും ടെൻഡർ വിളിക്കുകയും അങ്ങിനെ വലിയ സമയനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല പത്രപ്പരസ്യച്ചിലവ്, മറ്റ് ക്ലറിക്കൽ ചെലവുകൾ എന്നിവ വേറെയും ഉണ്ടായിട്ടുണ്ട്. വലിയ തോതിൽ കരാറുകാർ ഈ പ്രക്രിയയോട് നിസ്സഹകരിക്കുന്നതായാണ് കാണുന്നത്. സ.ഉ (എം.എസ്) നമ്പർ. 137/2017 തിയ്യതി . 14/07/2017 ഉത്തരവിൽ 50000 രൂപക്കു മുകളിൽ 500000 രൂപ വരെ അടങ്കലുള്ള പ്രവർത്തികളുടെ കാര്യത്തിൽ വേണമെങ്കിൽ ഇ-ടെൻടർ വിളിക്കാം എന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. കരാറുകാർ നിസ്സഹകരിച്ച ടെൻഡറുകളിൽ ഭൂരിഭാഗവും മാന്വവൽ ടെൻഡറുകൾ ആണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഈ സാഹചര്യത്തിൽ കഴിയുന്നത്ര ടെൻഡറുകൾ ഇ ടെൻഡർ വിളിക്കാനുള്ള നടപടികൾക്ക് ഭരണസമിതി പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതാണ്. പത്തു ലക്ഷത്തിലേറെ അടങ്കൽ വരുന്ന പ്രവർത്തികൾക്ക് വ്യവസ്ഥ പ്രകാരം രണ്ടു പത്രങ്ങളിൽ പരസ്യം നൽകുന്നതുൾപ്പടെയുള്ള പ്രവർത്തനങ്ങളും നടപ്പിൽ വരുത്തേണ്ടതാണ്.

## 1-54 മാള കുളം മെയിന്റനൻസിനെത്തുടർന്ന് ബാക്കിയായ മണ്ണ് , മറ്റിനങ്ങൾ എന്നിവ ലേലം ചെയ്ത് മുതൽക്കൂട്ടാത്തത്.

മാള കുളം മെയിന്റനൻസിൽ താഴെ ചേർക്കും പ്രകാരം സാധാരണ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്.

| പ്രവൃത്തിയിലെ ഐറ്റം നമ്പർ | ഐറ്റം സ്പെസിഫിക്കേഷൻ നമ്പർ | ഐറ്റം | മണ്ണിന്റെ അളവ് | റേറ്റ് | മൊത്തതുക | എം.ബി/ ലെവൽ ഫീൽഡ് ബുക്ക് |
|---|---|---|---|---|---|---|
| 2 | 2.6.1 | എർത്ത് വർക്ക് എക്സ്കവേഷൻ | 720 മീറ്റർ ക്യൂബ് | 168 | 121586.40 | എം.ബി.22/18-19 പേജ്.3,4 ലെവൽ ഫീൽഡ് ബുക്ക് 1/18-19 പേജ് 1 മുതൽ 13 വരെ |
| 3 | 2.26.1 | എക്സ്ട്രാ 1.5 മീറ്ററിനും മുകളിലുള്ള ഓരോ അധീഷണൽ ലിഫ്റ്റിനും | 521 മീറ്റർ ക്യൂബ് | 68.5 | 35713.16 | എം.ബി.22/18-19 പേജ്.5 |
| 5 | 2.8.1 | എർത്ത് വർക്സ് | 71.296 മീറ്റർ ക്യൂബ് | 220.50 | 15720.77 | എം.ബി.22/18-19 പേജ്.6,18,49 |
| | | | 1312.296 | | | |

ഈ പ്രവൃത്തിയിൽ എക്സ്ട്രാ ഇനം മൂന്ന് ആയി ഐറ്റം സ്പെസിഫിക്കേഷൻ നമ്പർ 2.25 ലഭ്യമായ മണ്ണ് സൈറ്റിൽ ആവശ്യമായ ഇടങ്ങളിൽ നിരത്തിയിട്ടുണ്ട്. ഇതിനായി 155.93 മീറ്റർ ക്യൂബ് മണ്ണ് ഉയോഗിച്ചിട്ടുണ്ട്. 26629.73 രൂപ ഇതിനായി ചിലവിട്ടിരിക്കുന്നു. മറ്റ് പ്രവർത്തികളിൽ ആകെ മൂന്ന് എം.ബികളാണ് ഉപയോഗിച്ചിട്ടുള്ളത്. എ.ബി.94/19-20 പേജ് 1 മുതൽ 24 വരെ. 88/19-20 പേജ് 1 മുതൽ 24 വരെ മറ്റ് സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാത്തതാണ്. സൈറ്റിലേക്ക് ആവശ്യമായ മണ്ണ് 155.93 മീറ്റർ ക്യൂബ് ആയിരിക്കെ മേൽക്കാണിച്ച അധികം 1156.36 എം ക്യൂബ് മണ്ണിന്റെ ഡിസ്പോസൽ വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് അസി.എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. അതനുസരിച്ച് എഞ്ചിനീയർ ഹാജരാക്കിയ കത്ത് പരിശോധിച്ചു. ഇതു പ്രകാരം ചെളിയോട് കൂടിയ മണ്ണ് തൊട്ടടുത്തുള്ള ഒരു കോംപൗണ്ടിൽ കൂട്ടിയിട്ടതായി അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് അതിൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല. എം ബുക്കിൽ ടി വിവരം സാക്ഷ്യപ്പെടുത്താത്തതും പ്രൈവറ്റ് കോംപൗണ്ടിൽ മണ്ണ് സൂക്ഷിച്ചതും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്ന വന്ന വീഴ്ചയാണ്. ഓഡിറ്റിനിടെ നടത്തിയ സ്ഥലപരിശോധനയിൽ മണ്ണ് കൂട്ടിയിട്ടതായ കോംപൗണ്ട് കാണുകയുണ്ടായി. ഇത്രയധികം മണ്ണ് ഒരു പ്രൈവറ്റ് അധീനതയിൽ ഇത്രയും കാലം സൂക്ഷിക്കാനിടയായതിന്റെയും, നിർവ്വഹണോദ്യോഗസ്ഥന്റെ കത്തിനെത്തുടർന്ന് ലേല നടപടികൾ കൈക്കൊള്ളാത്തതിന്റെയും കാരണം വ്യക്തമല്ല. ഉചിതമായ മേൽനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

23/04/2020 ന് ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ വിവരാവകാശ നിയമ പ്രകാരമുള്ള ഒരു ചോദ്യത്തിന് സി-2767/ 2020 തിയ്യതി 10/07/2020 പ്രകാരം പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മാള കുളം പുനർ നിർമ്മാണത്തോടനുബന്ധിച്ച് പൊളിഞ്ഞു കിടന്ന കൈവരികൾ അറുത്തുമാറ്റി പ്രത്യേകം പഞ്ചായത്തിന്റെ അധീനതയിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും എന്നാൽ വില്പനക്ക് നടപടികൾ എടുത്തിട്ടില്ല എന്നും മറുപടി നൽകിയിരിക്കുന്നു. മാളക്കുളം പുനർ നിർമ്മാണം എന്ന മേൽ പ്രവർത്തിയിൽ കുളത്തിനരികിൽ പൊളിഞ്ഞുകിടന്ന വസ്തുക്കൾ മാറ്റാൻ ലേബർ ചാർജ് എക്സ്ട്രാ ഇനം 6 ആയി നൽകിയിട്ടുണ്ട്. തുടർന്ന് പ്രളയത്തിനെത്തുടർന്ന് മാറ്റേണ്ടി വന്നതും എന്നാൽ മൂല്യമുള്ളതുമായ കട്ടകൾ, ഗ്രില്ല് എന്നിവ കുളത്തിന്റെ പരിസരത്ത് കൂട്ടിയിട്ടതായും തുടർ നടപടി സ്വീകരിക്കേണ്ടതാണ് എന്നും പഞ്ചായത്തിനെ എ.ഇ. അറിയിച്ചിട്ടുണ്ട്. കട്ടയുടെ 5892 രൂപയുടെ വാല്യുവേഷൻ 26/02/2021 ന് എ.ഇ നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റീൽ പൈപ്പിന്റെ വാല്യുവേഷൻ എടുത്തതായി കാണുന്നില്ല. കൈവരികൾ, കട്ട എന്നിവയുടെ കാര്യത്തിൽ പഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-55 മാള സിഎച്ച്സി ഹോസ്പിറ്റൽ മാനേജിങ് കമ്മറ്റി കണക്കുകൾ ഹാജരാക്കിയിട്ടില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ ( ആർ.റ്റി ) 3379 / 14 എച്ച്. എഫ് ഡബ്ളിയു.ഡി തി 3-12-04 എന്നിവയ്ക്കു വിധേയമായി രൂപം കൊണ്ടിട്ടുള്ള മാള സാമൂഹികാരോഗ്യ കേന്ദ്രം ഹോസ്പിറ്റൽ മാനേജിങ് കമ്മറ്റയുടെ 2015-16 സാമ്പത്തിക വർഷം മുതലുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-56 ഈടാക്കിയ ഫൈൻ തിരികെ നൽകിയതിന് നിയമപരമായി സാധുതയില്ല. ഗ്രാമ പഞ്ചായത്തിന് 242736 രൂപയുടെ നഷ്ടം

വൗച്ചർ നമ്പർ. 5200238 തിയ്യതി. 17-06-2020

പഞ്ചായത്ത് ഭരണസമിതിയുടെ 03/06/2020 തിയ്യതിയിലെ 10/04 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 144/2020 നമ്പർ പ്രോജക്ടിൽ അഷ്ടമിച്ചിറ കനാൽ ബണ്ട് റോഡ് മെറ്റലിംഗ്, ടാറിംഗ് എന്ന പ്രവൃത്തിയിൽ കരാറുകാരൻ ശ്രീ.എ.വി.ബാബുവിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയർ ഈടാക്കിയ ഫൈൻ 2,42,736 രൂപ തിരികെ നൽകിയിട്ടുണ്ട്. ഫയൽ വിശദമായി പരിശോധിച്ചതിൽ ഈ തീരുമാനം താഴെ ചേർക്കുന്ന കാരണങ്ങളാൽ നിയമപരമായി സാധുവല്ല എന്ന് ഓഡിറ്റിൽ കണ്ടെത്തിയിരിക്കുന്നു.

1. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി പ്രകാരം (TS NO. 88962/2016-17 Dt. 21/03/2017) അനുവദിച്ച കാലയളവ് 3 മാസമാണ്. ശ്രീ.എ.വി ബാബു എന്നയാൾ 19,71,276.836 രൂപക്ക് 29/04/2017 ന് പ്രവൃത്തി കരാർ ഏറ്റിട്ടുള്ളതും സൈറ്റ് ഏറ്റുവാങ്ങിയിട്ടുള്ളതുമാണ്. (7/2017-18/AE/LSGD /MALA)

2. ശ്രീ.ബാബു നിർവ്വഹണോദ്യോഗസ്ഥനുമായി ചേർന്ന് ഒപ്പു വെച്ച കരാർ ഖണ്ഡിക 5,6 എന്നിവ പ്രകാരം നിശ്ചിത സമയത്ത് തന്റെ പ്രവൃത്തി നടത്താൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ നിശ്ചിത സമയത്തിന്റെ 20% സമയം മാത്രം പിഴയില്ലാതെ അനുവദിക്കാനും, അതിൽ കൂടുതൽ വരുന്ന മൂന്നു മാസം കരാർ തുകയുടെ 1% തുക പിഴ ഈടാക്കികൊണ്ടും പിന്നീട് വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തി കൊണ്ടു മാത്രമേ കാലാവധി നീട്ടി നൽകാനാകുകയുള്ളൂ. ശ്രീ.ബാബു തന്റെ എഗ്രിമെന്റ് പീരീഡിനകത്ത് തനിക്ക് പ്രവൃത്തി ചെയ്യാനാകില്ല എന്ന വിവരം നിർവ്വഹണോദ്യോഗസ്ഥനെ രേഖാമൂലം അറിയിച്ചിട്ടില്ല. സമയബന്ധിതമായി അറിയിച്ചിരുന്നു എങ്കിൽ നിർവ്വഹണോദ്യോഗസ്ഥന് ആയത് പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കാനും തുടർന്ന് പ്രവൃത്തി നടത്താനാകില്ല എന്നുറപ്പുള്ള പക്ഷം നിലവിലെ കരാർ താല്ക്കാലികമായി അസ്ഥിരപ്പെടുത്താനോ, അല്ലെങ്കിൽ റദ്ദു ചെയ്യാനോ തന്നെ കഴിയുമായിരുന്നു. അത് നടന്നിട്ടില്ല.

3. കരാറുകാരൻ വെറ്റ് മിക്സ് മക്കാഡം സ്റ്റാക്ക ചെയ്തിരിക്കുന്നു എന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നത് 14/03/2018 നാണ്. No.5/18-19, 10/18-19. എന്നാൽ ഇമൽഷൻ വാങ്ങിയതിന്റെ ബില്ല് തീയതി 22/02/2019 ആണ്. (RS1, 4 Drum, 207107879/ 22.02.2019). കരാർ കാലാവധി കഴിഞ്ഞിട്ടും ഭരണസമിതിയുടെ അനുവാദമില്ലാതെയാണ് കരാറുകാരൻ മേൽ പ്രവൃത്തികൾ നടത്തിയത് എന്നു കാണാവുന്നതാണ്. അതായത് കരാർ ഒപ്പു വെച്ച് ഒരു വർഷം കഴിഞ്ഞ് മെറ്റീരിയൽ സ്റ്റാക്ക ചെയ്യു, ശേഷം ഒരുവർഷത്തിനുശേഷം ടാറിംഗ് നടത്തി. ആയതു കൊണ്ടു തന്നെ 24/06/2019 ൽ ഒപ്പിട്ട സപ്ലിമെന്ററി എഗ്രിമെന്റ് നിയമപരമായി സാധുവല്ലാത്തതാണ്. പ്രവൃത്തി പൂർത്തിയാക്കിയത് 28/05/19 – നും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചത് 24/06/19-നുമാണ്. ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മയായി ഇത് കാണാവുന്നതാണ്. ഫൈനൽ മെഷർമെന്റ് നടത്തിയത് 28/05/2019-നാണ്. (Mb 07/17-18) അതായത് പി.ഡബ്ള്യ.ഡി മാന്വലിലെ വ്യവസ്ഥകൾ പ്രകാരം അവസാന മെഷർമെന്റ് നടന്ന തിയ്യതിയാണ് പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി.

4. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്ന് 2,42,736 രൂപ പിഴ ഈടാക്കിയ എഞ്ചിനീയറുടെ നടപടി നിയമപരമായി ശരിയാണ്. എന്നാൽ ഈ വസ്തുതകളൊന്നും പരിശോധിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി ഈടാക്കിയ പിഴ തിരികെ നൽകാൻ തീരുമാനിച്ചത്. നില നിൽക്കുന്ന വ്യവസ്ഥകൾ പ്രകാരം 1998 ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ പ്രകാരമാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏതെങ്കിലും കിഴിവ് അനുവദിക്കാനാകുന്നത്. ബന്ധപ്പെട്ട ഈ ചട്ടത്തിൽ ചട്ടം 4(3) പ്രകാരം പിഴയായി ഒടുക്കിയ തുകയിൽ കിഴിവ് അനുവദിക്കാനാകില്ല. മാത്രമല്ല മേൽ ചട്ടം 5(4) പ്രകാരം 10,000 രൂപയിൽ കൂടുതലുള്ള ഇളവിന് ഗവൺമെന്റ് അംഗീകാരം വാങ്ങിയാൽ മാത്രമേ സാധുതയുള്ളൂ. ആയതിനാൽ ഇതിന് വിരുദ്ധമായി നടന്ന തീരുമാനം നിയമപരമായി നിലനിൽക്കുന്നതല്ല. നിയമവിരുദ്ധമായ ഈ തീരുമാനത്തിൻമേൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് (182iii) 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം തന്റെ വിയോജനം അറിയിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ തത്സമയത്തെ സെക്രട്ടറി ഈ നഷ്ടത്തിന് ഉത്തരവാദിയാണ്. ആയതിനാൽ തെറ്റായ ഒരു തീരുമാനത്തിലൂടെ ഗ്രാമ പഞ്ചായത്തിന് വന്ന നഷ്ടം 2,42,736 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 47/02-11-2021

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ 9407 രൂപയുടെ നഷ്ടം

ന്യൂ ബിൽഡിംഗ് രജിസ്റ്ററും, അനുബന്ധ ഫയലുകളും പരിശോധിച്ചതിന്റെ ഭാഗമായി ശ്രീ.കെ.ടി ജോയ്, കടിച്ചീനി ഹൗസ്, മാള എന്നവരുടെ ഉടമസ്ഥയിലുള്ള 15/1224C നമ്പർ കെട്ടിടത്തിന് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചിരുന്നു. പ്രസ്തുത കെട്ടിടം 331.86 M2 വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ആണെന്നിരിക്കെ ആയതിനെ വാണിജ്യാവശ്യത്തിനുള്ളവ 200 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താതെ പകരം വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 331.86 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 19911.60 |
| ഇളവുകൾ | 0.00 |
| വർദ്ധന | 6969.06 |
| വാർഷിക വസ്തു നികുതി | 26881<br>രശീതി നമ്പർ/ തീയതി.<br>1200310104097/ 14.01.2021 |
| ലൈബ്രറി സെസ്സ് | 1345 |

| | |
|---|---|
| ആകെ നികുതി തുക | 28226/- രൂപ |
| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 200 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | |
| വിസ്തീർണ്ണം | 331.86 M2 |
| അടിസ്ഥാന നികുതി | 80 |
| അടിസ്ഥാന വസ്തു നികുതി | 26548.8 |
| ഇളവുകൾ | 0.00 |
| വർദ്ധന | 9292.08 |
| വാർഷിക വസ്തു നികുതി | 35841 |
| ലൈബ്രറി സെസ്സ് | 1792 |
| ആകെ നികുതി തുക | 37633 രൂപ |

ആയതിനാൽ 331.86 ച.മീറ്റർ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റിനെ വാണിജ്യാവശ്യത്തിനുള്ളവ 200 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താതെ പകരം വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി തെറ്റായി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് 9407/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് 01.11.2021 ലെ ഓഡിറ്റ് അന്വേഷണം നം.37/2020-21 പ്രകാരം ആവശ്യപ്പെട്ടതിന് ടി വിവരം കെട്ടിട ഉടമസ്ഥനെ രേഖാമൂലം അറിയിച്ച് നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 80 രൂപ എന്ന നിരക്കിൽ പരിഷ്കരിച്ച് നികുതി കാലയളവായ 2020-21 സാമ്പത്തികവർഷം രണ്ടാം അർദ്ധപാദം മുതൽ അടവാക്കിക്കുമെന്നും മേലിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാത്ത വിധം ഫയലുകൾ കൈകാര്യം ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ഫൈൻ ഈടാക്കാത്തത്

(I) താഴെ ചേർക്കുന്ന പ്രവർത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) പി.ഡബ്ല്യൂ.ഡി മാന്വൽ എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവ പ്രകാരമുള്ള നടപടി ക്രമങ്ങൾ ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ഇതിൽ കോവിഡ് കാലത്ത് വെച്ച എഗ്രിമെന്റുകൾക്ക് എഗ്രിമെന്റ് സമയത്തിന് പുറമേ ആറു മാസം പിഴ കൂടാതെ അനുവദിക്കാവുന്നതാണ് എന്ന് 31/07/21 ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 1444/2021 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഈ കാലാവധി കഴിഞ്ഞും പ്രവർത്തി നീണ്ടു പോയതിന് നിയമ പരമായ സാധുത ഇല്ല എന്നതിനാൽ എഗ്രീഡ് പി.എ.സി യുടെ ഒരു ശതമാനം തുക പിഴ ഈടാക്കാതിരുന്ന ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി ഓഡിറ്റിൽ നിജപ്പെടുത്തുന്നു

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | Ts.No. Period | എഗ്രീഡ് പി.എ.സി | കരാറുകാരൻ | ഫൈനൽ ബിൽ തിയ്യതി | എഗ്രിമെന്റ് നമ്പർ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|---|
| 1 | 194/21 | സ്നേഹഗിരി അംഗൻ വാടി നമ്പർ 104 നിർമ്മാണം | 115261/2018-19 Dt.15/02 /2019. 6 Months | 1691458 | സെബാസ്റ്റ്യൻ.എ.വി | 02/08/2021 | 31/AE/LSGD /mala/2019-20 05/03/2020 | 16915 |

(Ii) കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) പി.ഡബ്ല്യൂ .ഡി മാന്വൽ എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവ പ്രകാരം എഗ്രീഡ് പി.എ.സി യുടെ ഒരു ശതമാനം പിഴയാണ് ആദ്യ ടൈം എക്സ്റ്റെൻഷനിൽ ഈടാക്കേണ്ടത്. എന്നാൽ താഴെ ചേർക്കുന്ന പ്രവർത്തിയിൽ മേൽപ്രകാരം പിഴ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വൗച്ചർ നമ്പർ. 22000246 / 17-04-2020 സെക്കന്റ് / ഫൈനൽ പാർട്ട് ബിൽ തുക. 240616

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | Ts.No. Period | എഗ്രീഡ് പി.എ.സി | കരാറുകാരൻ | ഫൈനൽ ബിൽതിയ്യതി | എഗ്രിമെന്റ് നമ്പർ | ഈടാക്കേണ്ടിയിരുന്ന തുക/ ഈടാക്കിയ തുക. ഈടാക്കേണ്ട തുക. |
|---|---|---|---|---|---|---|---|---|
| 1 | 204/20 | വിവിധ അംഗൻ വാടി മെയിന്റനൻസ് | 114862/18-19 14/02/2019, 6 Months | 596795.38 | ദേവസ്സിക്കുട്ടി.സി.വി | 17/04/20 | 2/AE/2019-20 /LSGD/MALA/ 24-07-2019 | 5968/ 3255 2713 |

രണ്ടു പട്ടികയിലും കൂടി ആകെ തുക. 19628

### 3-2 ദിവസനവേതനക്കാർക്ക് സർക്കാർ ഉത്തരവിലും അധികമായി വേതനം നൽകി

മാള ഗ്രാമപഞ്ചായത്തിൽ, 2020-21 സാമ്പത്തിക വർഷത്തിൽ, ദിവസവേതനക്കാരുടെ വേതനം സംബന്ധിച്ച, സർക്കാർ ഉത്തരവ് നം. ജി ഒ (പി) നം.81/2019/ഫിൻ, തിയതി. 9-7-2019 പ്രകാരം നൽകാവുന്നതിലും അധികം തുക നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | പരമാവധി നൽകാവുന്നതുക | നൽകിയ തുക | വൗച്ചർ നം/തിയതി | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | സിംസൺ ജെ | ഡ്രൈവർ | 19980 | 21460 | 22000012,dt.2-4-20 | 1480 |

| | | | | | | |
|---|---|---|---|---|---|---|
| | മാഞ്ഞൂരാൻ | എൻട്രി ഓപ്പറേറ്റർ | | | | |
| 2 | സിംസൺ ജെ മാഞ്ഞൂരാൻ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 19980 | 21460 | 22000794,dt.1-12-20 | 1480 |
| 3 | സിംസൺ ജെ മാഞ്ഞൂരാൻ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 19980 | 20720 | 22000856,dt.1-1-21 | 740 |
| 4 | മാലതി.സി.എൻ | ഫുൾ ടൈം സ്വീപ്പർ | 17820 | 18480 | 22000015,dt.2-4-20 | 660 |
| 5 | മാലതി.സി.എൻ | ഫുൾ ടൈം സ്വീപ്പർ | 17820 | 19800 | 22000082,dt.2-5-20 | 1980 |
| 6 | മാലതി.സി.എൻ | ഫുൾ ടൈം സ്വീപ്പർ | 17820 | 19140 | 22000168,dt.1-6-20 | 1320 |
| ആകെ | | | | | | 7660 |

അധികം നൽകിയ തുക ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 ഈടാക്കിയ ഫൈൻ തിരികെ നൽകിയതിന് നിയമപരമായ സാധുതയില്ല. പഞ്ചായത്തിന് 242736 രൂപയുടെ നഷ്ടം

വൗച്ചർ നമ്പർ. 5200238 തിയ്യതി. 17-06-2020

പഞ്ചായത്ത് ഭരണസമിതിയുടെ 03/06/2020 തിയ്യതിയിലെ 10/04 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 144/2020 നമ്പർ പ്രോജക്ടിൽ അഷ്ടമിച്ചിറ കനാൽ ബണ്ട് റോഡ് മെറ്റലിംഗ്, ടാറിംഗ് എന്ന പ്രവൃത്തിയിൽ കരാറുകാരൻ ശ്രീ.എ.വി.ബാബുവിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയർ ഈടാക്കിയ ഫൈൻ 2,42,736 രൂപ തിരികെ നൽകിയിട്ടുണ്ട്. ഫയൽ വിശദമായി പരിശോധിച്ചതിൽ ഈ തീരുമാനം താഴെ ചേർക്കുന്ന കാരണങ്ങളാൽ നിയമപരമായി സാധുവല്ല എന്ന് ഓഡിറ്റിൽ കണ്ടെത്തിയിരിക്കുന്നു.

1. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി പ്രകാരം (TS NO. 88962/2016-17 Dt. 21/03/2017) അനുവദിച്ച കാലയളവ് 3 മാസമാണ്. ശ്രീ.എ.വി ബാബു എന്നയാൾ 19,71,276.836 രൂപക്ക് 29/04/2017 ന് പ്രവൃത്തി കരാർ ഏറ്റിട്ടുള്ളതും സൈറ്റ് ഏറ്റുവാങ്ങിയിട്ടുള്ളതുമാണ്. (7/2017-18/AE/LSGD /MALA)

2. ശ്രീ.ബാബു നിർവ്വഹണോദ്യോഗസ്ഥനുമായി ചേർന്ന് ഒപ്പു വെച്ച കരാർ ഖണ്ഡിക 5,6 എന്നിവ പ്രകാരം നിശ്ചിത സമയത്ത് തന്റെ പ്രവൃത്തി നടത്താൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ നിശ്ചിത സമയത്തിന്റെ 20% സമയം മാത്രം പിഴയില്ലാതെ അനുവദിക്കാനും, അതിൽ കൂടുതൽ വരുന്ന മൂന്ന മാസം കരാർ തുകയുടെ 1% തുക പിഴ ഈടാക്കികൊണ്ടും പിന്നീട് വരുന്ന ഓരോ മൂന്ന മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തി കൊണ്ടു മാത്രമേ കാലാവധി നീട്ടി നൽകാനാകുകയുള്ളൂ. ശ്രീ.ബാബു തന്റെ എഗ്രിമെന്റ് പീരീഡിനകത്ത് തനിക്ക് പ്രവൃത്തി ചെയ്യാനാകില്ല എന്ന വിവരം നിർവ്വഹണോദ്യോഗസ്ഥനെ രേഖാമൂലം അറിയിച്ചിട്ടില്ല. സമയബന്ധിതമായി അറിയിച്ചിരുന്നു എങ്കിൽ നിർവ്വഹണോദ്യോഗസ്ഥന് ആയത് പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കാനും തുടർന്ന് പ്രവൃത്തി നടത്താനാകില്ല എന്നുറപ്പുള്ള പക്ഷം നിലവിലെ കരാർ താല്ക്കാലികമായി അസ്ഥിരപ്പെടുത്താനോ, അല്ലെങ്കിൽ റദ്ദു ചെയ്യാനോ തന്നെ കഴിയുമായിരുന്നു. അത് നടന്നിട്ടില്ല.

3. കരാറുകാരൻ വെറ്റ് മിക്സ് മക്കാഡം സ്റ്റാക്ക ചെയ്തിരിക്കുന്ന എന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നത് 14/03/2018 നാണ്. No.5/18-19, 10/18-19. എന്നാൽ ഇമൽഷൻ വാങ്ങിയതിന്റെ ബിൽ തീയതി 22/02/2019 ആണ്. (RS1, 4 Drum, 207107879/ 22.02.2019). കരാർ കാലാവധി കഴിഞ്ഞിട്ടും ഭരണസമിതിയുടെ അനുവാദമില്ലാതെയാണ് കരാറുകാരൻ മേൽ പ്രവൃത്തികൾ നടത്തിയത് എന്ന കാണാവുന്നതാണ്. അതായത് കരാർ ഒപ്പു വെച്ച് ഒരു വർഷം കഴിഞ്ഞ് മെറ്റീരിയൽ സ്റ്റാക്ക ചെയ്യു, ശേഷം ഒരുവർഷത്തിനുശേഷം ടാറിംഗ് നടത്തി. ആയതു കൊണ്ടു തന്നെ 24/06/2019 ൽ ഒപ്പിട്ട സപ്ലിമെന്ററി എഗ്രിമെന്റ് നിയമപരമായി സാധുവല്ലാത്തതാണ്. പ്രവൃത്തി പൂർത്തിയാക്കിയത് 28/05/19 – നും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചത് 24/06/19-നുമാണ്. ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മയായി ഇത് കാണാവുന്നതാണ്. ഫൈനൽ മെഷർമെന്റ് നടത്തിയത് 28/05/2019-നാണ്. (Mb 07/17-18) അതായത് പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾ പ്രകാരം അവസാന മെഷർമെന്റ് നടന്ന തിയ്യതിയാണ് പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി.

4. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്ന് 2,42,736 രൂപ പിഴ ഈടാക്കിയ എഞ്ചിനീയറുടെ നടപടി നിയമപരമായി ശരിയാണ്. എന്നാൽ ഈ വസ്തുതകളൊന്നും പരിശോധിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി ഈടാക്കിയ പിഴ തിരികെ നൽകാൻതീരുമാനിച്ചത്. നില നിൽക്കുന്ന വ്യവസ്ഥകൾ പ്രകാരം 1998 ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ പ്രകാരമാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏതെങ്കിലും കിഴിവ് അനുവദിക്കാനാകുന്നത്. ബന്ധപ്പെട്ട ഈ ചട്ടത്തിൽ ചട്ടം 4(3) പ്രകാരം പിഴയായി ഒടുക്കിയ തുകയിൽ കിഴിവ് അനുവദിക്കാനാകില്ല. മാത്രമല്ല മേൽ ചട്ടം 5(4) പ്രകാരം 10,000 രൂപയിൽ കൂടുതലുള്ള ഇളവിന് ഗവൺമെന്റ് അംഗീകാരം വാങ്ങിയാൽ മാത്രമേ സാധുതയുള്ളൂ. ആയതിനാൽ ഇതിന് വിരുദ്ധമായി നടന്ന തീരുമാനം നിയമപരമായി നിലനിൽക്കുന്നതല്ല. നിയമവിരുദ്ധമായ ഈ തീരുമാനത്തിൻമേൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് (182iii) 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം തന്റെ വിയോജനം അറിയിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ തത്സമയത്തെ സെക്രട്ടറി ഈ നഷ്ടത്തിന് ഉത്തരവാദിയാണ്. ആയതിനാൽ തെറ്റായ ഒരു തീരുമാനത്തിലൂടെ ഗ്രാമ പഞ്ചായത്തിന് വന്ന നഷ്ടം 2,42,736 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 47/02-11-2021

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ ചേർത്തിരിക്കുന്ന തുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല എന്ന വിവരം വാർഷികകണക്ക് പരിശോധനയിൽ കൃത്യമായി ചേർത്തിട്ടുണ്ട്.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 22000118 | 226968 | 226968 | |

9,91,185 രൂപ KSEB യിൽ Deposit Work നായി നൽകിയതിൽ പണികൾ പൂർത്തീകരിക്കാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ബാക്കിനിൽപ്പുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് | | 3027106 | 2644753 | 556314 | - | 2088439 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20776618 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 1667597 | |
| 3 | ആകെ | 22444215 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22175936 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | | 22175936 |
| | | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, മാള | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീതി നം/തിയതി |
|---|---|---|---|---|
| 2018-19 | 1(20) | 150 | മൈനർ ഇറിഗേഷൻ സെക് ഷൻ, മാള | 120030101755/9-9-2020 |
| 2018-19 | 1(41) | 3404 | സി.വി.ദേവസ്സിക്കുട്ടി | 120030101215/23-7-2020 |
| 2018-19 | 1(41),1(42) | 26398 | എ.വി.ബാബു | 120030101375/18-8-2020 |
| 2018-19 | 1(41)7 | 9111 | കെ.ജെ.ശ്രീകുട്ടൻ | 120030101287/12-8-2020 |
| 2018-19 | 1(45) | 22251 | ശ്രീ.ഗോഡ്വിൻ ഡിസിൽവ, അസി.എഞ്ചിനീയർ,മാള ഗ്രാമപഞ്ചായത്ത് | 120030101584/27-8-2020 |
| 2018-19 | 1(47) | 7234 | സി.വി.ദേവസ്സിക്കുട്ടി | 120030101376/16-8-2020 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിരിക്കുന്നത്. എന്നാൽ വാർഷിക കണക്കിൽ ഈയിനത്തിൽ 286 രൂപ മാത്രമേ കാണുന്നുള്ളു.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3(2) | 2016-17 | 3(2) | ഫുഡ്കോർട്ട് നിർമാണം-അപാകതകൾ-പ്രത്യേക ഘടകപദ്ധതി | ന്യൂനതാപരിഹാരപത്രിക നിയമസഭാസമിതിയിൽ സമർപ്പിക്കുന്നതിനായി അസി.ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101041101 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105653290 |
| വരവിനങ്ങളിലുള്ള നഷ്ടം | 9407 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 270024 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 946503 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 9407 | | ടി.ജി.മധുസൂദനൻ, സെക്രട്ടറി |
| 3-1 (I)<br>(Ii) | | 16915<br>2713 | രോഹിണി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ<br>നിഷാന്ത്.പി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 7660 | ടി.ജി.മധുസൂദനൻ, സെക്രട്ടറി |
| 3-3 | | 242736 | ടി.ജി.മധുസൂദനൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-41 | 244003 | ടി.ജി. മധുസൂദനൻ, സെക്രട്ടറി |
| 1-47 | 702500 | കോമളവല്ലി. എം.ആർ, ഹെഡ്മിസ്ട്രസ് |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മധുസൂദനൻ.ടി.ജി സെക്രട്ടറി | സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്, എറണാകുളം | മധുസൂദനൻ.ടി.ജി ശ്രീനിലയം ഒക്കൽ (പി ഒ) എറണാകുളം - 683550 |
| രോഹിണി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മാള ഗ്രാമപഞ്ചായത്ത് | കൃഷ്ണാഞ്ജന നെടുമ്പാശ്ശേരി പി .ഒ. എറണാകുളം |
| നിഷാന്ത്.പി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ | എ.ഇ.ചാഴൂർ ഗ്രാമ പഞ്ചായത്ത് | പുതുക്കാട്ടിൽ വീട് അമല നഗർ.പി.ഒ തൃശ്ശൂർ.680555 |
| കോമളവല്ലി. എം.ആർ, ഹെഡ്മിസ്ട്രസ്സ് | വിരമിച്ചു | കാരപ്പിള്ളി ഹൗസ്, കുരുവിലശ്ശേരി പി.ഒ, മാള |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | എൽ.എഫ്.ടി.പി.12-465/98/26.9.98 |
| 97-98,ചെലവ് | എൽ.എഫ്.ടി.പി.13-1108/99/18.3.00 |
| 97-98,വരവ് | എൽ.എഫ്.ടി.13-1597/01/17.4..02/2.8.02 |
| 98-99,ചെലവ് | എൽ.എഫ്.ടി.13- -345/00/13.2.00 |
| 98-99 വരവ് | എൽ.എഫ്.ടി.13-1596/01/17.4.02/2.8.02 |
| 99-00 | എൽ.എഫ്.ടി..13-1379/02/7.5.03 |
| 2000-01 | എൽ.എഫ്.ടി..13-1657/01/3.3.02 |
| 01-02 | എൽ.എഫ്.ടി.13-1355/06/3.1.06 |
| 01-02,പ്ലാൻ | എൽ.എഫ്.ടി.13-1529/04/1.7.04 |
| 02-03 | എൽ.എഫ്.ടി.(പി.4)51/14/14.3.14/3.7.14 |
| 03-04 | |
| 04-05 | |
| 05-06 | |
| 06-07 | |
| 07-08 | എൽ.എഫ്.ടി.പി.4-1903/11/31.12.11 |
| 08-09 | എൽ.എഫ്.ടി.പി4/1904/12/31.12.11/09.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി4-1905/12/18.02.13/16.07.13 |
| 11-12 | എൽ.എഫ്.ടി.പി4/1415/ 13/10.03.14/02.05.14 |

| | |
|---|---|
| 12-13 | എൽ.എഫ്.ടി.പി4/1719/ 14/4.2.15/10.2.15 |
| 13-14 | കെഎസ്എ ടിഎസ്ആർ(പി4) 1195/15/15.10.15/21.10.15 |
| 14-15 | ടിഎസ്ആർ(പി4) 1210/16/22.07.16 |
| 2015-16 | നം.കെ.എസ്.എ. ടി.എസ്.ആർ.(പി-4)/1907/16 തീയതി: 11.11.2016 |
| 2016-17 | കെ.എസ്.എ. ടി.എസ്.ആർ.(പി-4)1417/2017/4.10.17 /9.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി4)419/2019 തിയതി.25.03.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി4)1786/2019 തിയ്യതി : 06/02/2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി 8)1567/2021 തിയ്യതി :18.05.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്